# അയിലക്കാട് സഈദ് വലിയ്യുള്ളാഹി

# ആത്മീയ ലോകത്തെ കെടാവിളക്ക്



(ശൈഖുനാ സഈദ് വലിയുല്ലാ തങ്ങളെ മനസ്സിലാക്കാൻ ഉപകരിക്കുന്ന ലഘുകൃതി)

published by | SA‘ADA STUDENTS‘ WING

# ശൈഖ് സഊദ് സിറാജുദ്ദീനിൽ ഖാദിരി അൽ മഖ്ദൂമി (റ)

ഹിജ്റ (1277- 1378)

# ആമുഖം

പരമകാരുണ്യകനും ദയാലുവുമായ അല്ലാഹുവിന്റെ നാമത്തിൽ, സൃഷ്ടികളെ നാഥൻ സൃഷ്ടിച്ചത് അവൻ ആരാധിക്കാൻ തന്നെയാണല്ലോ. ആരാധനയിൽ ജീവിതം ചിട്ടപ്പെടുത്തിയവരെ അവൻ സ്നേഹത്താൽ ആദരിക്കുമെന്നതിൽ സംശയത്തിനിടമില്ല. അത്തരത്തിൽ ജീവിതം നയിക്കാൻ ദീനിൽ അവഗാഹമുള്ളവർക്ക് സാധിക്കുന്നതു പോലെ മറ്റാർക്കാണ് സാധിക്കുക. അല്ലാഹു തന്നെ പറയുന്നത് നോക്കൂ. إِنَّمَا يَخْشَى اللهُ مِنْ عِبَادِهِ الْعُلَمَاءُ നിശ്ചയം അള്ളാഹുവിനെ അവന്റെ അടിമകളിൽ നിന്ന് അനുസരിച്ച് ജീവിക്കുന്നവർ പണ്ഡിതന്മാരാണ്. അത്തരം പണ്ഡിതന്മാരിൽ പ്രമുഖനും കേരളക്കര കണ്ട ആത്മീയ ഗുരുക്കളിൽ അതിപ്രധാനിയുമാണ് അയിലക്കാട് മഖാമിൽ അന്ത്രവിശ്രമം കൊള്ളുന്ന ശൈഖ് സഈദ് സിറാജുദ്ധീനിൽ ഖാദിരി തങ്ങൾ. മഹാനവറുകളുടെ ജീവിത വീഥികളെ അനുവാചകരുടെ കരങ്ങളിലേക്ക് എത്തിക്കാനുള്ള ഒരു എളിയ ശ്രമമാണ് നിങ്ങളുടെ കരങ്ങളിലുള്ളത്. ഇത് പൂർണ്ണമല്ല, മറിച്ച് ഒരു സദുദ്യമത്തിന്റെ തുടക്കം മാത്രമാണ്. മഹല്ല് കമ്മറ്റിയുടെ തീരുമാനപ്രകാരം ബഹു:ഹംസ സാഹിബ് ഒരു ബൃഹത്തായ ചരിത്ര പുസ്തകം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇൻഷാ അള്ളാഹ്. അടുത്ത ഉറൂസിന് മുമ്പ് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് മഹല്ല് കമ്മറ്റി. അള്ളാഹു ഒരു സ്വാലിഹായ അമലായി സ്വീകരിക്കട്ടെ. ഇത്തരം സദുദ്യമങ്ങളിൽ നിങ്ങളുടെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ച് കൊണ്ട്.

അയിലക്കാട് മഹല്ല് കമ്മറ്റി

# സഈദ് വലിയുള്ളാഹി ജീവിതവും ദർശനവും

അല്ലാഹുവിനെ മനസ്സിലാക്കുകയും അതുവഴി നന്മ കളിലേക്ക് വഴി നടന്നവർക്കുമാണ് അല്ലാഹു യഥാർ ത്ഥ വിജയം ഒരുക്കിയിട്ടുള്ളത്. നല്ല രീതിയിൽ ജീവി ക്കാനും സത്യമാർഗത്തിൽ നിലകൊള്ളാനും അപ്രകാ രം തന്നെ ജീവിച്ച് മരിക്കാനും അല്ലാഹു മനുഷ്യരോട് കൽപ്പിക്കുന്നു.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلَّاوَاَنْتُمْ مُسْلِمُون.

എന്നാൽ പ്രപഞ്ചനാഥന്റെ ഈ കൽപനകൾ അക്ഷരം പ്രതി അനുസരിച്ച് ജീവവായുവാക്കി അതിലൂടെ ആത്മീയ അനുഭൂതി കണ്ടെത്തിയവരാണ് സന്മാർഗം സിദ്ധിച്ചവർ. മനുഷ്യൻ അവന്റെ ഭൗതിക സുഖ സൗക ര്യ ആവശ്യങ്ങൾ നിറവേറ്റാൻ പ്രയത്നിക്കുന്നത് പോ ലെ ഇക്കൂട്ടർ അവരുടെ ആത്മീയ ചലനങ്ങൾ അല്ലാഹു വിന്റെ തൃപ്തിയിലും കാരുണ്യത്തിലുമാക്കാൻ സദാ സമയം കിണഞ്ഞു പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. നികൃഷ്ട സ്വഭാവ ഗുണങ്ങൾ വെടിഞ്ഞ് അല്ലാഹുവിലേ ക്ക് അടുക്കാനുള്ള മാർഗങ്ങളിൽ മുഴുകുകയും അ തുവഴി ജീവിതത്തിലെ സകല നിമിഷ-നിമിഷാർദ്ധങ്ങ ളിൽ ത്യാഗത്തിന്റെയും സൂക്ഷ്മതയുടെയും തവക്കുലി

ന്റെയും തൃപ്തിയുടെയും മാതൃകകൾ സ്വീകരിക്കുന്ന ഇത്തരം ആളുകൾക്ക് അല്ലാഹു അവന്റെ അകമഴിഞ്ഞ സഹായം സദാ ജീവിതകാലത്തും മരണ ശേഷവും നൽകികൊണ്ടേയിരിക്കും. നിശ്ചയം ഇത്തരം ആളുകളെയാണ് അല്ലാഹു അവന്റെ പ്രവാചകന്മാരുടെ അനന്തരക്കാരും പിന്തുടർച്ചക്കാരുമായി നിയോഗിച്ചിട്ടുള്ളത്. ഈ ശൃംഖലയിലെ അത്യുൽകൃഷ്ട മഹൽ വ്യക്തിത്വമാണ് ശൈഖുന സഈദ് സിറാജുദ്ദീൻ ഖാദിരി തങ്ങൾ.

## കുടുംബം ജനനം:

മുഹമ്മദ് നബി (സ) തങ്ങൾക്ക് അല്ലാഹു സുബ്ഹാനഹുവതആല ദീനീ പ്രബോധന രംഗത്ത് താങ്ങും തണലുമായി ഒരുപാട് മഹൽ വ്യക്തിത്വങ്ങളെ സമ്മാനിച്ചിട്ടുണ്ട്. അത്തരം ആളുകളെ അല്ലാഹു അതിരറ്റ് സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു എന്നതാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇക്കൂട്ടരിൽ അതിപ്രമുഖനും നബിക്ക് പുറമെ സ്വർഗത്തിലേക്ക് രണ്ടാമതായി പ്രവേശിക്കുന്നവരും നബിയുടെ ഒന്നാം ഖലീഫയുമായ അബൂബകർ സിദ്ദീഖ് (റ) വിന്റെ സന്താനപരമ്പരയും പരിശുദ്ധ ദീനിനെന്നും താങ്ങും തണലുമായിരുന്ന കുടുംബമാണ് മഖ്ദൂം കുടുംബം. ഈ കുടുംബത്തിൽ തന്നെയാണ് നമ്മുടെ ബഹുമാനപ്പെട്ട ശൈഖുനയും പിറവിയെടുത്തത്.

കേരളക്കര അറിവില്ലായ്മയാലും അന്ധവിശ്വാസങ്ങളാലും പരിശുദ്ധ ദീനിന്റെ മഹത്വത്തെ കളഞ്ഞ് കുളിച്ച ഒരു കാലഘട്ടം, ഏകദേശം ആറര നൂറ്റാണ്ട് മുമ്പ് ഈ ഒരു ആപത് ഘട്ടത്തിൽ നിന്നും കേരളക്കരയിൽ ദീനിന്റെ സംരക്ഷണത്തിനായി നാഥൻ നിയോഗിച്ചവ

രാണ് മഖ്ദൂമുമാർ. മഅ്ബർ എന്ന സ്ഥലത്ത് നിന്ന് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ ആഗമനത്തോട് കൂടിയാണ് കേരളക്കരയിൽ മഖ്ദൂമീ പാരമ്പര്യം വേരുറക്കുന്നത്. പിന്നീടങ്ങോട്ട് വൈജ്ഞാനിക മേഖലയിൽ മുസ്ലിം കൈരളിക്ക് തിരിഞ്ഞ് നോക്കേണ്ടിയേ വന്നിട്ടില്ല. അത്രക്ക് മഹത്വരമായിരുന്നു അവരുടെ അറിവും അദ്ധ്യാപനവും ആത്മീയതയും. അതോടുകൂടി അവരുടെ രചനാ വൈഭവങ്ങൾ മുസ്ലിം ലോകത്തെ ഇന്നും അൽഭുതപ്പെടുത്തുന്നു.

നിശ്ചയം ഈ പരമ്പര കേരളക്കരക്ക് സമ്മാനിച്ച സൂഫീ ചക്രവാളത്തിലെ കോമേതക രത്നമാണ് ശൈഖുന സഈദ് വലിയുല്ലാഹി തങ്ങൾ. ഇസ്ലാമിക സംസ്കാരങ്ങളാൽ സമ്പന്നമായ മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ കോടഞ്ചേരി ദേശത്തെ ഒരു ഉന്നത ദീനീപണ്ഡിത കുടുംബമാണ് എരച്ചാട്ട്. ഈ തറവാട്ടിലാണ് ശൈഖുന പിറവിയെടുത്തത്. പ്രസ്തുത തറവാട്ടിലെ പ്രമുഖ പണ്ഡിതനും ആബിദും സൂഫീവര്യനുമായ മർഹൂം അഹ്മദ്കുട്ടി (ഉഹൈമിദ്) മുസ്ലിയാരുടെയും മഹതി ഫാത്തിമ (റ) എന്നവരുടെയും അഞ്ച് മക്കളിൽ ഏക ആൺതരിയായി ദീനീ വിശ്വാസ മേഖലക്ക് കരുത്ത് പകരാൻ ഹിജ്റവർഷം 1277 ലാണ് ശൈഖുനാ സഈദ് സിറാജുദ്ധീൻ തങ്ങൾ ജന്മം കൊണ്ടത്. പിതൃപാരമ്പര്യം കൈവിടാത്ത അറിവും പൂർവ്വികർ കൈമാറി വന്ന കളങ്കമില്ലാത്ത ആത്മീയതകൊണ്ടും അകതാരിൽ നിന്ന് നിർഗളിക്കുന്ന നിഷ്കളങ്കമായ ആരാധനകൾ കൊണ്ടും മാതാപിതാക്കൾ തീർത്ത സുകൃതങ്ങളുടെ സുന്ദരാന്തരീക്ഷത്തിലാണ് ശൈഖുനയുടെ പിറവിയും വളർച്ചയും. തന്നിമിത്തം ബാല്യത്തിൽ തന്നെ പ്രവാചകസ്വഭാവഗുണങ്ങളെ സ്വാംശീകരിച്ച് ജീവിത സമവാക്യമാക്കിയ ശൈഖുന മാതാപിതാക്കളു

ടെയും ബന്ധുക്കളുടെയും വിശിഷ്യാ വിശ്വാസി ഹൃദയങ്ങളിലെ ഇഷ്ട ഭാജനമായി. ഇൻഷാഅല്ലാഹ് ശൈഖുനയുടെ ചരിത്രം നമുക്ക് നമ്മുടെ ജീവിതസമവാക്യമാക്കി മാറ്റാം. ذِكْرُ الأَنْبِيَاءِ عِبَادَةٌ وَذِكْرُ الصَّالِحِينَ كَفَّارَةٌ എന്ന പ്രവാചക വാക്യം അന്വർത്ഥമാക്കാം.

## അഹ്മദ് കുട്ടി മുസ്ലിയാർ-ഫാത്തിമ ദമ്പതികളുടെ അഞ്ച് മക്കൾ

* സഈദ്(റ)
* ഫാത്വിമ
* ബീരാമ
* ഖദീജ
* ആഇശ

ഈ നാല് സഹോദരികൾക്കൊപ്പം കോടഞ്ചേരിയിലെ എരച്ചാട്ട് തറവാട്ടിൽ ശൈഖുന ബാല്യവും യൗവ്വനത്തിലേക്കുള്ള ചവിട്ടുപടികളും സജ്ജമാക്കിയെടുത്തു. മറ്റാരെയും ആകർഷിക്കും വിധം പരസ്പര സ്നേഹവും വാൽസല്യവും താൽപര്യവും നിറഞ്ഞതായിരുന്നു ശൈഖുനയുടെയും സഹോദരിമാരുടെയും ജീവിതം. ഇക്കാരണത്താൽ തന്നെ മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളുടെ ജീവിതം കൺകുളിർമയുള്ളതായിരുന്നു എന്നത് സംശയമില്ല. മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും അകമഴിഞ്ഞ സ്നേഹവും പ്രാർത്ഥനയും ശൈഖുനയുടെ മുന്നോട്ടുള്ള ആത്മീയ ഗമനത്തിൽ സ്വാധീനം ചെലുത്തിയെന്നതാണ് സത്യം.

## ശൈഖുന അയിലക്കാട്ടേക്ക്:

മുകളിൽ പറഞ്ഞ ശൈഖുനായുടെ ഇളയ സഹോദരി ആഇശ എന്നവരുടെ കൂടെയാണ് ശൈഖുന

അയിലക്കാടെത്തുന്നത്. അവരുടെ മകൻ അയമുഹാജി എന്നവരുടെ വസതിയിൽ നിന്ന് വിളിപ്പാടകലെ ഇന്ന് ശൈഖുന അന്ത്യവിശ്രമം കൊള്ളുന്നു. സഹോദരി ആ ഇശയുടെ ഭർത്താവിന്റെ മരണ ശേഷം തന്റെ സഹോ ദരിയുടെ അനാഥരായ മക്കൾക്ക് താങ്ങും തണലുമാ യി ജീവിക്കാൻ, നബി തങ്ങളുടെ കുടുംബബന്ധം ചേർക്കുക എന്ന ശക്തമായ സുന്നത്തിനെ ഹൃദയ ത്തിൽ ചേർത്ത് വെക്കുക എന്ന ഏക ലക്ഷ്യവുമായി ട്ടാണ് ശൈഖുനാ അയിലക്കാട്ടേക്കെത്തുന്നത്. പിന്നീട് ഈ പ്രദേശം ശൈഖുനാ സഈദ് വലിയുള്ളാഹി ത ങ്ങളിലൂടെ കാഥങ്ങളും ലോകങ്ങളും കീഴടക്കുകയു ണ്ടായി. ഇന്ന് അയിലക്കാടിന്റെ സകല ദീനീ മുന്നേറ്റ ങ്ങളിലും ശൈഖുനാ സഈദ് വലിയുള്ളാഹി തങ്ങളു ടെ ആത്മീയ സാന്നിദ്ധ്യം മുറ്റി നിൽക്കുന്നു എന്നത് ച രിത്ര യാഥാർത്ഥ്യമാണ്. നാം ചിന്തിക്കുമ്പോൾ അയില ക്കാടിനെ കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കും, സഈദ് വലിയുള്ളാഹി തങ്ങളെന്ന ഒരൊറ്റ വ്യക്തി നി മിത്തം അയിലക്കാടിന്റെ മണ്ണിനെ അനുഗ്രഹിച്ച മഹ ത്തുക്കൾ അനവധിയാണ്. അവിടുത്തെ ഒരു ദർശന ത്തിന് വേണ്ടി ഈ അയിലക്കാട് മണ്ണിൽ ശൈഖുനയെ കാത്ത് നിന്നവർ നിസ്സാരക്കാരല്ല. അവർ ഇലാഹീ പ്രേ മത്താൽ വിലായത്തുകൾ കീഴടക്കിയ ആത്മീയ പടു ക്കളായിരുന്നു. യാഥാർത്ഥ്യമെന്തെന്നാൽ ആത്മീയ പര മായി മുഹയുദ്ദീൻ ശൈഖും രിഫാഈ ശൈഖും അജ് മീർ തങ്ങളുമൊക്കെ ഈ അയിലക്കാടിന്റെ മണ്ണിനെ എത്ര തവണ ധന്യമാക്കി എന്ന് ചോദിച്ചാൽ അല്ലാഹു അഅ്ലം. തീർച്ച അവരെല്ലാവരും ഇവിടെ വന്നിട്ടുണ്ട്. അതങ്ങനെയാണ് ശൈഖുനയെ സ്നേഹിച്ച, ശൈഖുന സ്നേഹിച്ച വ്യക്തികളും ശൈഖുന വസിച്ച നാടും

ശൈഖുന വിചാരിക്കുന്ന മനസ്സും അല്ലാഹുവിന്റെ സ്മരണകളാൽ മുകരിതം തന്നെയാണ്.

## യൗവ്വനവും പഠനവും

ഏതൊരു മനുഷ്യ ജീവതത്തിന്റെയും മർമ്മ പ്രധാനമായ കാലമാണ് ബാല്യവും യുവത്വവും. കാരണം അതാണവന്റെ ജീവിതത്തിന്റെ അടിത്തറയിടുന്ന വർഷങ്ങൾ. അൽഹംദുലില്ലാ... ശൈഖുനയുടെ യുവത്വം അല്ലാഹുവിനായി നീക്കിവെച്ചതായിരുന്നു. ഇബാദത്തും പഠനവും കൊണ്ട് ശൈഖുന ആത്മീയതയുടെ ഉന്നതങ്ങൾ കീഴടക്കാൻ തുടങ്ങിയപ്പോൾ ദുനിയാവിന്റെ സന്തതിയായ കളി തമാശയും മറ്റും ശൈഖുനയുടെ ജീവിതത്തിൽ പറ്റെ അന്യമായിരുന്നു. ശൈഖുന അറിവിന്റെ ഉന്നത സോപാനങ്ങൾ കീഴടക്കിയിട്ടുണ്ട്. വിശുദ്ധ ഖുർആൻ, ഇസ്ലാമിക കർമ്മശാസ്ത്രം വൈദ്യശാസ്ത്രം ഗോളശാസ്ത്രം തുടങ്ങിയ ഒട്ടനവധി വൈജ്ഞാനിക മണ്ഡലങ്ങ ളാൽ ശൈഖുനയുടെ അറിവിന്റെ വ്യാപ്തി അത്ഭുതാവഹമായിരുന്നു. ഇതിനെല്ലാം കാരണം തന്റെ മകന്റെ രുചി വൈഭവം മനസ്സിലാക്കി അതിനു വേണ്ട സകല സജീകരണങ്ങളും നൽകി അതിനായി മുട്ടേണ്ട വാതിലുകളിൽ മുട്ടി തുറക്കേണ്ട വാതിലുകൾ തുറന്ന് അറിവെന്ന മഹാസാഗരമായ അല്ലാഹുവിന്റെ പ്രകാശത്തെ ആവാഹിക്കാൻ പ്രാപ്തിയുള്ള മനസ്സും ശരീരവുമാക്കി ശൈഖുനായെ മാറ്റിയെടുത്ത അവിടുത്തെ മാതാപിതാക്കളാണ്. അവിടുത്തെ ചരിത്രം അവിടുത്തെ മാതാപിതാക്കളില്ലാതെ എങ്ങനെയാണ് പൂർണ്ണമാവുക. അല്ലാഹു അവർക്ക് ദറജകൾ ഉയർത്തി നൽകട്ടെ. ആമീൻ...

ഒരുത്തമ വിദ്യാർത്ഥിയുടെ സകല ഗുണങ്ങളും സമ്മേളിച്ച ഉൽകൃഷ്ട വിദ്യാർത്ഥി ജീവിതമായിരുന്നു ശൈഖുനയുടേത്. വിജ്ഞാന ശാഖകളെല്ലാം മഹാനു ഭാവനുമുമ്പിൽ കീഴടങ്ങാൻ മഹാനുഭാവനെ പ്രാപ്ത നാക്കിയ പ്രധാന ഘടകവും അതു തന്നെ. ജീവിതത്തി ന്റെ നിമിഷ-നിമിഷാർദ്ധങ്ങളിൽ മഹാനുഭാവൻ പഠിച്ച ഓരോ അറിവും അമലാക്കി ജീവിതത്തിൽ പകർ ത്താൻ സർവ്വ സമയവും ഉൽസുകനുമായിരുന്നു ശൈ ഖുന. അതാണല്ലോ ഒരു യാഥാർത്ഥ വിദ്യാർത്ഥിയുടെ ലക്ഷണവും.

നവയുഗത്തിൽ അരുതായ്മയുടെ മാർഗ്ഗങ്ങളിലേ ക്ക് സഞ്ചരിക്കുന്ന നമ്മുടെ യൗവ്വനങ്ങൾ, അതിനുമു മ്പിൽ നമുക്കായ് കാണിച്ച ഉത്തമ മാതൃകയാണ് ശൈ ഖുനയുടെ ജീവിതം. ജീവിതം കൊണ്ട് മാതൃക കാണി ക്കുന്നവരാണല്ലോ നാഥന് ഏറ്റവും പ്രിയമുള്ളവൻ. ഇ ച്ഛക്കനുസരിച്ച് തുടിക്കാൻ വെമ്പൽ കൊള്ളുന്ന യുവ ത്വത്തെ ശൈഖുന പിടിച്ചിട്ടത് അല്ലാഹുവിന്റെ ജ്ഞാന മാകുന്ന പ്രകാശത്തിലാണ്. തന്റെ യുവത്വസമയം ദീ നീ പഠനത്തിനായി ശൈഖുന ചിലവഴിച്ചപ്പോൾ ശൈ ഖുനയെ അല്ലാഹു കറകളഞ്ഞ ഉഖ്റവിയായ ആലിമാ ക്കി മാറ്റി എന്നതാണ് അല്ലാഹു ശൈഖുനക്ക് നൽകിയ മഹത്തായ അനുഗ്രഹം. തന്നിമിത്തം ശൈഖുന അറി വിന്റെ ഗോപുരങ്ങൾ കീഴടക്കി ഏവരെയും അത്ഭുത പ്പെടുത്തിയിരുന്നു. ശൈഖുനയുടെ ചരിത്രം പരിശോ ധിക്കുമ്പോൾ നമുക്കത് മനസ്സിലാക്കാൻ സാധിക്കും. ഒ രിക്കൽ ശൈഖുനാക്ക് ഒരു വൈദ്യൻ മരുന്നു കുറിച്ചു കൊടുത്തു. മരുന്ന് ചീട്ട് കണ്ട ശൈഖുന അത് എഴുതി തന്ന വൈദ്യനെ തിരിച്ച് വിളിച്ച് അതിലെ തെറ്റുകൾ സൂചിപ്പിക്കുകയും വൈദ്യനതുകണ്ട് അത്ഭുതത്തോടെ അത് തിരുത്തുകയും ചെയ്തു. ഇത്തരം ശൈഖുനയു

ടെ അറിവിന്റെ ജ്ഞാന സാഗരങ്ങൾ വെളിവാക്കുന്ന ചരിത്ര സംഭവങ്ങൾ ഒരുപാടാണ്. ശൈഖുനയോട് ഒരു വിഷയത്തിൽ സംശയം ചോദിച്ച് വരുന്ന ആളുകൾക്ക് ഒരിക്കലും നിരാശപ്പെടേണ്ടി വന്നിട്ടില്ല. കാരണം സമുദ്രത്തിലെ വെള്ളം ഒരിക്കലും വരൾച്ചയെ പേടിക്കാറില്ലല്ലോ... അപ്രകാരം തന്നെയായിരുന്നു ശൈഖുനയുടെ അറിവും. അതൊരിക്കലും വിദ്യാ ദാരിദ്രത്തെ ഭയപ്പെട്ടിരുന്നില്ല.

അതുപോലെതന്നെ ശൈഖുനയുടെ മറ്റൊരു പഠന മേഖലയായിരുന്നു ആത്മീയ ചികിത്സയുടെ മേഖല. തൊട്ടതെല്ലാം പൊന്നാക്കി മാറ്റിയ ശൈഖുനാക്ക് ഈ ഒരു മേഖല നാഥൻ നൽകിയ പ്രവർത്തന മണ്ഡലമായിരുന്നു. കാരണം ശൈഖുനയുടെ ജീവിതവും ശ്രമങ്ങളും സമയങ്ങളും ശൈഖുന നീക്കിവെച്ചത് ഈ ഉമ്മത്തിനാണ് അൽഹംദുലില്ലാ... പ്രവാചകന്റെ വഫാത്ത് ഉമ്മത്തിന് ഖൈറാണെന്ന് പഠിപ്പിച്ച നബിയുടെ അനന്തരാവകാശിയായ ശൈഖുന അവിടുത്തെ വഫാത്തിന്ന് ശേഷവും ഈ ഉമ്മത്തിനെ സദാ സ്നേഹം കൊണ്ട് വാരിപ്പുണരുകയാണ്.

അധികമാളുകളും അജ്ഞാതമായിരുന്ന ഫന്നുകളിൽ ശൈഖുനയുടെ പാണ്ഡിത്യം അഗാധമായിരുന്നു. നാട്ടു ചെടികളില വൈവിധ്യത്തെക്കുറിച്ചും കല്ലുകളിലെ ഉപകാരത്തെക്കുറിച്ചും ശൈഖുനയുടെ അറിവ് മുക്തകണ്ഡം പ്രശംസനീയമാണ്. അക്കാല ഘട്ടത്തിലെ അതി നിപുണന്മാരായ വൈദ്യന്മാർക്ക് അറിയാത്ത കൂട്ടുമരുന്നുകളും ഒറ്റ മൂലികളും ശൈഖുനാക്ക് വശമുള്ളതോടു കൂടി അവരുടെ തെറ്റുകൾ തിരുത്താൻ മാത്രം അവഗാഹമായ പാണ്ഡിത്യം ശൈഖുനാക്ക് പ്രാപ്തമായിരുന്നു.

# ആത്മീയ വീഥിയിൽ ശൈഖുന മശാഇഖരോടൊത്ത്:

നശ്വരമായ പ്രപഞ്ചത്തിന്റെ മായാവലയത്തിൽ പെട്ട് പിഴച്ച് പോകാതിരിക്കാൻ വേണ്ടി തർബിയ്യത്ത് നൽകാൻ അർഹതപ്പെട്ട ഒരു ശൈഖിനെ പിന്തുടരൽ നമുക്ക് അത്യന്താപേക്ഷിതമാണ്. ശരീഅത്തിന്റെ വിധി വിലക്കുകൾ സസൂക്ഷമം പഠിച്ച് അണുകിണ വ്യത്യാസമില്ലാതെ ജീവിതത്തിൽ പകർത്തുന്ന ഒരു വ്യക്തിക്ക് മാത്രമേ ത്വരീഖത്തിലേക്ക് പ്രവേശിക്കാൻ അർഹതയും പ്രാപ്തിയും ഉണ്ടാവുകയുള്ളൂ... ഇത്തരത്തിൽ ജീവിതം തിട്ടപ്പെടുത്തിയ ശൈഖുന സഈദ് വലിയുള്ളാഹി തങ്ങൾ ജീവിതവും ദർശനവും കൊണ്ട് മതൃകാപരമായ ജീവിതം നയിച്ച് നമുക്ക് മുമ്പെ നടന്ന മഹാമനീഷിയാണ് എന്നതിൽ ആർക്കും സംശയമില്ല. ജീവിച്ചിരുന്നവരും മരണപ്പെട്ടവരുമായ നിരവധി മഹത്തുക്കളോട് മനാമിലും യഖ്ളത്തിലും (ഉറക്കത്തിലും ഉണർച്ചയിലും) ശൈഖുന സദാ ബന്ധപ്പെട്ടിരുന്നു. ശൈഖുനയുടെ ജീവിതം നാഥനായ് സമർപ്പിച്ചപ്പോൾ നാഥൻ അവന്റെ സകലവിധ സഹായ ഹസ്തങ്ങളും ശൈഖുനാക്ക് തുറന്നിട്ട് കൊടുത്തു.

ശൈഖുന മുമ്പ് സൂചിപ്പിച്ച പോലെ ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ മഹത്തുക്കളിൽ നിന്ന് ആത്മീയജ്ഞാനം കരഗതമാക്കി ജീവിതം ചിട്ടപ്പെടുത്തി ഒതുങ്ങിക്കൂടി ജീവിച്ചു. തന്നിമിത്തം മനുഷ്യ മനസ്സുകളെ അത്ഭുതപ്പെടുത്തുമാറുള്ള അത്ഭുതങ്ങൾ

അല്ലാഹു ശൈഖുനക്ക് നൽകി. ശൈഖുന ഉന്നത മർത്തബയിലേക്ക് എത്തിയപ്പോൾ മഹാന്മാരായ മശാഇഖന്മാരാകുന്ന ജീലാനി തങ്ങൾ, രിഫാഈ ശൈഖ്, നാഹൂർ ശാഹുൽഹമീദ് തങ്ങൾ, ഏർവാടി ഇബ്രഹീംബാദുഷാ തങ്ങൾ, അബൂ ത്വാഹിർ ബാദുഷ തങ്ങൾ, മുത്തുപേട്ട ദാവൂദുൽഹകീം തങ്ങൾ പോലുള്ള മഹാന്മാരുമായുള്ള സഹവാസം ശൈഖുന ഉറപ്പാക്കി. ഖാദിരിയ്യ ത്വരീഖത്തിലെ ഖുതുബ് എന്ന സ്ഥാനവും രിഫാഈ ചിശ്തി ശാദുലി തുടങ്ങി പരിപൂർണതയെത്തിയ മറ്റു അറുപതോളം ത്വരീഖത്തുകളുടെ ശൈഖും ഖുതുബുമായിരുന്നു.

പ്രത്യക്ഷത്തിൽ ജനങ്ങളോട് കൂടെയും രഹസ്യത്തിൽ അല്ലാഹുവുമായുള്ള അഭേധ്യമായ ലഹരിയിലായിരിന്നു ശൈഖുന. വാസ്തവത്തിൽ മഹാനുഭാവനെ സ്വമേധയാ മറ്റുള്ളവരിൽ നിന്നും രഹസ്യമാക്കി എന്നതും യാഥാർത്ഥ്യം.

ശൈഖുനായുടെ മശാഇഖന്മാരുമായിട്ടുള്ള ബന്ധം ശൈഖുന സ്ഥാപിക്കുന്നത് ആത്മീയ യാത്രകളിലൂടെയാണ്. ശൈഖുനായുടെ ബാല്യം മുതൽ തന്നെ ശൈഖുന ആത്മീയ സഞ്ചാരങ്ങളിൽ ഹൃദയം സഞ്ചരിക്കുന്ന സഞ്ചാരിയായി തന്നിമിത്തം ശൈഖുന ഒട്ടനവധി യാത്രകൾ നടത്തിയിട്ടുണ്ട്. മലകളും കടലുകളും താണ്ടി ഒട്ടനവധി ആത്മീയ യാത്രകൾ അവ ശൈഖുനായുടെ ജീവിതത്തിൽ നടത്തിയ സ്വാധീനങ്ങൾ ആ യാത്രയിൽ കണ്ടുമുട്ടിയ മഹത്തുക്കൾ അവരോടൊത്തുള്ള ആത്മീയ സഹവാസങ്ങൾ, അതിൽ നിന്നും നേടിയെടുത്ത ആത്മീയ ഊർജ്ജം കൊണ്ട് ശൈഖുന കീഴടക്കിയ വിലായത്തിന്റെ മർത്തബകൾ മറ്റാരിൽ നിന്നും ശൈഖുനയെ വ്യതിരിക്തമാക്കുന്നു. ഒടുവിൽ മഹത്തുക്കളുടെ നിർദ്ദേശമനുസരിച്ച് യാത്രകൾക്ക്

തൽക്കാലം വിശ്രമം നൽകി. ശൈഖുന അയിലക്കാട് സ്ഥിരതാമസമാക്കി. അവിടെ നിന്നാണ് ശൈഖുനയുടെ ജീവിതത്തിലെ മറ്റൊരദ്ധ്യായം തുടങ്ങുന്നത്.

## ശൈഖുനയും ആത്മീയ ചികിത്സയും:

മഹത്തുക്കളുടെ നിർദ്ദേശ പ്രകാരവും സഹോദരിയുടേയും മക്കളുടേയും സംരക്ഷണാർത്ഥവും ശൈഖുന അയിലക്കാട് താമസം ഉറപ്പിച്ചു. പ്രത്യക്ഷത്തിൽ ജനങ്ങളോട് കൂടുതൽ അടുക്കാൻ തുടങ്ങിയ ശൈഖുന ജനങ്ങളുടെ പല കാര്യങ്ങളിലും അതീവ ദു:ഖിതനായിരുന്നു. അതിൽ പ്രധാനമായൊരു കാര്യമാണ് ശൈഖുനായെ അത്യധികം ദു:ഖത്തിലാഴ്ത്തിയത്. ജനങ്ങൾ അവരുടെ ആവിശ്യ-സഹായങ്ങൾക്ക് കാഫിരീങ്ങളായ ജോത്സ്യരേയും മറ്റും ആശ്രയിക്കുന്നത് കാരണം ശൈഖുനായുടെ മനം വല്ലാതെ നൊന്തു. കാരണം അവരറിയാതെ അവർ കുഫ്രിയ്യത്തിലേക്ക് നീങ്ങുകയാണല്ലോ എന്ന നീറ്റലായിരുന്നു ശൈഖുനയുടെ മനസ്സിൽ. ഉടൻ സകല വിജ്ഞാന ശാഖകളിലും അവഗാഹമുണ്ടായിരുന്ന ശൈഖുന പാണ്ഡിത്യം കൊണ്ട് നേടിയെടുത്തതും മശാഇഖന്മാരുടെ ഇജാസിയത്ത് കൊണ്ട് ശക്തിയാർജിച്ചതുമായ ഫന്നുൽ അസ്മാഅ് തന്റെ കർമ്മ മണ്ഡലമാക്കി തിരഞ്ഞടുത്തു.

അക്കാലത്തെ ജനങ്ങളിൽ ഭൂരിഭാഗം ആളുകളും ജിന്ന് പിശാചിനെ ആരാധിക്കുന്ന മാരണക്കാരുടെയും ജോത്സ്യൻമാരുടെയും കള്ള ശൈഖുമാരുടെയും വളരെ വലിയ വഞ്ചനയിൽ അകപ്പെട്ടിരുന്നു. മാത്രമല്ല ആളുകൾ ആവശ്യ നിർവ്വഹണത്തിന്ന് വേണ്ടി വിഗ്രഹാരാധകരായ ആളുകളെ ശരണം തേടുന്നു. ഈ

അവസ്ഥകണ്ടപ്പോൾ ഈ വിപത്തിന് അറുതി വരുത്താൻ ശൈഖുന തീരിമാനിച്ചു. തന്റെ മുൻഗാമികളായ ഔലിയാക്കന്മാരെ പോലെ ശൈഖുന ഈ ഫിത്നകൾക്കെതിരെ മുന്നിട്ടുവന്നു. ഫന്നുൽ അസ്മാഅ് വ്യക്തമാക്കി മാരണത്തിന്റെയും ജോത്സ്യത്തിന്റെയും മുഖങ്ങളിൽ നിന്നുള്ള മറയെ നീക്കം ചെയ്യുകയും കള്ള ശൈഖിന്റെയും യഥാർത്ഥ ശൈഖിന്റെയും വിശേഷണങ്ങൾ വെളിവാക്കി ജനങ്ങളെ സത്യത്തിന്റെ പാതയിലെത്തിച്ചു.

അല്ലാഹുവിന്റെ ദീനിന് വേണ്ടി ഒരു പുരുഷായുസ്സ് സമർപ്പിച്ച ശൈഖുന ശൈത്വാനും അവന്റെ സൈന്യഗണങ്ങളായ ജോൽസ്യഗണത്തിനെതിരെയും ആയുധം പ്രയോഗിച്ചപ്പോൾ ശൈത്വാനും അവന്റെ സൈന്യത്തിനും ശൈഖുനയോട് കടുത്ത ശത്രുതയും വിരോധവും വർദ്ധിച്ചു. ശൈഖുന സാമൂഹ്യ സേവനമേഖലയിൽ കർമ്മോൽത്സുകനായിരുന്നു. തന്നിൽ പ്രതീക്ഷയർപ്പിച്ചെത്തുന്ന ആയിരങ്ങൾക്ക് അവരിൽ നിന്നും പ്രത്യുപകാരം കാംക്ഷിക്കാതെ താൻ ആർജിച്ചെടുത്ത അറിവും ആത്മീയതയും കൊണ്ട് പരിഹാര ആശ്രയകേന്ദ്രമായ മാറുകയായിരുന്നു ശൈഖുന. പിശാച് ബാധയേറ്റ ആളുകളെ സഹായിക്കാൻ വേണ്ടി ശൈഖുന ഒരിക്കലും ജിന്ന് വർഗത്തിന്റെ സഹായം പ്രതീക്ഷിച്ചിരുന്നില്ല. ജിന്ന് വർഗത്തിലെ പ്രമുഖർ ശൈഖുനയുടെ ചൊൽപ്പടിയിലായിരുന്നുവെങ്കിലും ശൈഖുന അവരെ സഹായത്തിനായി ഉപയോഗിച്ചിരുന്നില്ല എന്നതാണ് വാസ്തവം. മറിച്ച് തന്റെ മുരീദുകളിൽ നിന്നും സ്നേഹിതന്മാരിൽ നിന്ന് ശൈഖുന തിരഞ്ഞെടുത്തവരെ അതിന് വേണ്ടി ഒരുക്കി തയ്യാറാക്കുകയും അവർക്ക് സഹായവും തുണയുമായി ശൈഖുന നിലകൊള്ളുകയും ചെയ്യുക എന്നതായിരുന്നു അവിടുത്തെ പതിവ്.

# ശൈഖുനയിൽ നിന്നും തെളിഞ്ഞ കറാമത്തുകൾ

ശൈഖുനയുടെ ജീവിതം മഹത്തുക്കളുടെ ജീവിതം അന്വർത്ഥമാക്കുന്നതായിരുന്നു. നൂറ്റിയൊന്ന് വയസ്സ് വരെ ജീവിച്ച ശൈഖുന ദീനിന് വേണ്ടി മാത്രം ഉഴിഞ്ഞ് വെച്ചതായിരുന്നു. ഫർളായ കാര്യങ്ങൾ വീട്ടുന്നതിന് പുറമെ സുന്നത്തുകളും ശൈഖുന തന്റെ ജീവിത വാക്യമാക്കി മാറ്റിയപ്പോൾ അള്ളാഹു ശൈഖുനയുടെ എല്ലാമെല്ലാമായി മാറുകയാണുണ്ടായത്. ഇത്തരത്തിൽ ജീവിതം ഭാസുരമാക്കിയത് കൊണ്ടുതന്നെ ശൈഖുനയുടെ ജീവിതത്തിലും അമാനുഷീകതകൾ പ്രത്യക്ഷമാകാൻ തുടങ്ങി. ജീവിത കാലത്തിനേക്കാൾ ഉപരി മരണ ശേഷവും വിശിഷ്യ ഇക്കാലത്തും ശൈഖുനയുടെ പ്രകടമായ ആത്മീയ ഇടപെടലുകൾ അവിടുത്തെ മുരീദുമാർക്ക് കാണാനും ഇടപെടാനും സാധിക്കുന്നു എന്നത് ഇന്നും ശൈഖുന അള്ളാഹുവിന്റെ അടുത്ത് നമുക്കായ് ജീവിക്കുന്നു എന്നതിന്റെ പ്രകടമായ സത്യമാണ്. എന്നാൽ മറ്റുള്ള ഔലിയാക്കളെപ്പോലെ അത്ത്യാവശ്യ ഘട്ടങ്ങളിലെല്ലാതെ ശൈഖുന ഇത്തരം കാര്യങ്ങൾ വെളിപ്പെടുത്താൻ ഇഷ്ടപ്പെട്ടിരുന്നില്ല. അവയിൽ ചിലത് മാത്രമാണിവിടെ ചേർത്തിട്ടുള്ളത്.

## തുണയായ് എവിടെയും:

ശൈഖുന പിശാചുക്കളെ തുരത്തിയപ്പോൾ അവർക്ക് ശൈഖുനയോടുള്ള ദേഷ്യം പകഞ്ഞു പൊങ്ങാൻ തുടങ്ങി. അവർ ശൈഖുനയേയും അവിടുത്തെ സ്നേഹ ജനങ്ങളേയും ഉപദ്രവിക്കാൻ കഴിയാത്തതിൽ ഖേദിച്ചുകൊണ്ടേയിരുന്നു. അവർ അവസരത്തിനായി തക്കംപാർത്തിരുന്നു. ശൈഖുനയെ തൊടാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയവർ മുരീദുമാരുടെ ഏകാന്തതയെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഒരു ദിവസം ശൈഖുന അവിടുത്തെ ഖാദിമായിരുന്ന ഒരു കുട്ടിയെ അൽപ്പംചില സാധനങ്ങൾ വാങ്ങാൻ പൊന്നാനി അങ്ങാടിയിലേക്കു പറഞ്ഞയച്ചു. കുട്ടിതിരിച്ചുവരുന്നത് ഒരു ബിംബാരാധകരുടെ ആരാധനാലയത്തിന് അരികിലൂടെയായിരുന്നു. അന്നേരം കുട്ടിക്കുമുമ്പിൽ ഭീകരമായൊരു പേകോലം പ്രത്യൃക്ഷപ്പെട്ട് കുട്ടിയെ ഉപദ്രവിക്കാനൊരുങ്ങി. തൽസമയം രണ്ടു മൈലുകൾക്കപ്പുറം സഹോദരിയുടെ വീട്ടിലായിരുന്ന ശൈഖുന കുട്ടിക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ട് ആ പേകോലത്തെ തന്റെ കയ്യിലുള്ള ആയുധംകൊണ്ട് വെട്ടിയിട്ട് ഉടനെ അപ്രത്യക്ഷമായി. ശേഷം വീട്ടിലെത്തിയ കുട്ടിയോട് തന്റെ ജീവിതകാലത്ത് മറ്റൊരാളോടും ഈ സംഭവം പറയരുതെന്ന് ശൈഖുന ഉപദേശിച്ചു.

## സ്നേഹനിധിയായ ഇക്കാക്ക :

ശൈഖുന ജീവിച്ചിരിക്കെ ശൈഖുനയോടൊപ്പം തമാശപറഞ്ഞ് വളരെ അടുപ്പത്തിൽ കഴിഞ്ഞിരുന്ന ശൈഖുനയെ സ്നേഹത്തോടെ ഇക്കാക്ക എന്നു വിളിച്ചിരുന്ന ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. തന്റെ അ

മിതമായ ബന്ധം കാരണം ശൈഖുന അദ്ദേഹത്തോട് പറയുമായിരുന്നു 'എന്റെ മരണ ശേഷം എന്തെങ്കിലും പ്രയാസം നിനക്കെത്തിയാൽ നീയെന്നെ വിളിച്ചോളൂ' .കാലങ്ങൾ കഴിഞ്ഞു, ശൈഖുന വഫാത്തായി. അങ്ങിനെ ഈ വ്യക്തി തന്റെ കച്ചവടാവശ്യാർത്ഥം കൊടകിൽ താമസിക്കവേ ദൈവനിഷേധികളായ ചിലർ ചില കുതന്ത്രങ്ങൾ പ്രയോഗിക്കുന്നുണ്ടെന്ന് മനസ്സിലാക്കി. അതിനെ കുറിച്ച് അന്വേഷിക്കാൻ ഒരിക്കൽ അദ്ദേഹം അവരുടെ അരികിൽ പോയി. എന്നാൽ ഒരു മുസ്ലിമിനെ ഒറ്റക്ക് കിട്ടിയ അവസരം ദൈവനിഷേധികൾ മുതലാക്കുയും അദ്ദേഹത്തെ ഉപദ്രവിക്കുകയും വളരെ ഇരുട്ടുള്ള ഒരു മുറിയിൽ തടവുകാരനാക്കി ശിക്ഷിക്കുകയും ചെയ്തു. ശത്രുക്കൾ തന്നെ വധിക്കുമെന്ന് മനസ്സിലാക്കിയ ആ വ്യക്തി തനിക്ക് ലഭിച്ച നിർദ്ദേശങ്ങൾ പ്രകാരം ശൈഖുനയെ വിളിച്ചു. അത്ഭുതമെന്ന് പറയട്ടെ... അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉടനെ ശൈഖുനയും സംഘവും ആ തടവറയിലെത്തുകയും ആദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു.

## സിംഹം ശൈഖുനക്ക് മുമ്പിൽ :

മഹാന്മാരായ ഔലിയാക്കളുടെയും ശുഹദാക്കളുടെയും മഖ്ബറകൾ സിയാറത്ത് ചെയ്ത് ബർക്കത്ത് നേടൽ ശൈഖുനായുടെ സ്ഥിരം പതിവായിരുന്നു. ഒരിക്കൽ തമിഴ്നാട്ടിലെ കീളക്കരയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഖുത്ബിയ്യതിന്റെ രചയിതാവും അബൂബക്കർ സ്വിദ്ദീഖ് (റ) വിന്റെ പേരക്കിടാവുമായ അശ്ശൈഖ് സ്വദഖത്തുള്ളാഹിൽ ഖാഹിരി (ഖ.സി) എന്നവരുടെ പുണ്യ ദർഗ്ഗ സിയാറത്ത് ചെയ്യാൻ വേണ്ടി നടന്നു പോകുമ്പോൾ ആളൊഴിഞ്ഞ ഭാഗത്ത് വെച്ച് രണ്ട് സിംഹ

ങ്ങൾ ശൈഖുനായുടെ മുന്നിലേക്കോടി വന്നു. മഹാന വർകളുടെ ഒരു ഖാദിമും കൂടെയുണ്ടായിരുന്നു. അ യാൾ സിംഹങ്ങളെ കണ്ട് പേടിച്ചപ്പോൾ ശൈഖുന അ ദ്ദേഹത്തെ സാന്ത്വനപ്പെടുത്തി. നീ ഒട്ടും ഭയപ്പെടേണ്ട അള്ളാഹു നമ്മോടൊപ്പമുണ്ട് എന്ന ഖുർആൻ വചനം ഉരവിട്ടു കൊണ്ട് സിംഹങ്ങളെ നോക്കി ഇങ്ങനെ പറഞ്ഞു 'ഞങ്ങൾ നിങ്ങളെ കാണാനല്ല വന്നത്, നി ങ്ങൾക്ക് ഞങ്ങളുടെയും ആവശ്യമില്ല, നിങ്ങൾ ഉടനെ ഒഴിഞ്ഞ് പോകണം'. ഇത് കേട്ട് സിംഹങ്ങൾ ശൈഖുന യെ വണങ്ങി തിരിച്ചു പോയി.

## ശൈഖുനക്ക് മുമ്പിലെത്തിയ വയറുവേദന:

സുനാൻ എന്ന സ്ഥലത്ത് ഒരാളുണ്ടായിരുന്നു. അ ദ്ദേഹത്തിന് ശക്തമായ വയറുവേദന അനുഭവപ്പെടു കയും ഒരുപാട് ചികിത്സ നടത്തുകയും ചെയ്തു. പ ക്ഷെ യാതൊരു മാറ്റവുമില്ല. വയറു വേദന ശക്തമാവു കയാണ്. അങ്ങനെയാണ് ആ വ്യക്തി ശൈഖുനയെ കുറിച്ചറിയുന്നതും ശൈഖുനയുടെ മുമ്പിൽ വന്ന് വിഷ മം പറയുന്നതും. അദ്ദേഹത്തിന്റെ പരാതി കേട്ട ശൈഖുന ആശ്വാസ വാക്കുകളോടെ അദ്ദേഹത്തെ പറ ഞ്ഞയച്ചു. മനസ്സിൽ വളരെ ആശ്വാസവുമായി തിരിച്ചു പോയ അദ്ദേഹം ക്ഷീണം അനുഭവപ്പെട്ടപ്പോൾ ഒന്ന് മ യങ്ങി. അപ്പോഴതാ സ്വപ്നത്തിലൂടെ ശൈഖുനയും ക മാലുദ്ദീൻ ഉമറുൽ ഖാദിരിയും വന്ന് അദ്ദേഹത്തിന്റെ വയറു കീറി ഉള്ളിലെ അവശിഷ്ടങ്ങൾ നീക്കി വയറു വൃത്തിയാക്കി സുഗന്ധം പൂശി യഥാ സ്ഥിതിയിലാക്കി അപ്രത്യക്ഷരായി. ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്ന ആ വ്യക്തിക്ക് അത്ഭുതമാണുണ്ടായത്. താൻ മയ

ങ്ങുന്നത് വരെ അനുഭവിച്ച ശക്തമായ വയറുവേദന ഇപ്പോൾ ഇല്ലാതായിരിക്കുന്നു.

## ശൈഖുന പ്രസവ സുശ്രൂശകനായി:

ഒരിക്കൽ ശൈഖുനയുടെ കുടുംബത്തിൽപ്പെട്ട ഒരു സ്ത്രീക്ക് പ്രസവ വേദന അനുഭവപ്പെട്ടു. പക്ഷേ വയറ്റിൽ കുട്ടിയുടെ കിടപ്പ് തലകീഴ്മേൽ മറിഞ്ഞ രൂപത്തിലായതിനാൽ വിദഗ്ദരായ പല ദിഷ്വഗരാരം നിസ്സഹായത പ്രകടിപ്പിച്ചു. എന്തു ചെയ്യണമെന്നറിയാതെ കുടുംബക്കാരും ബന്ധുക്കളും നെടുവീർപ്പിട്ട് വേദന കൊണ്ട് എരിപൊരി കൊള്ളുന്ന സഹോദരിയുടെ അടുത്ത് നിസ്സഹായരായി നിന്നു. ഈ സമയത്താണ് തീർത്തും അപ്രതീക്ഷിതമയി ശൈഖുന ആ വീട്ടിലേക്ക് വരുന്നത്. ശൈഖുനയെ കണ്ട ബന്ധുക്കൾ തങ്ങളുടെ വിഷമം ഉണർത്തി. അൽപനേരത്തെ മൗനത്തിന് ശേഷം ശൈഖുന ആ സ്ത്രീ കിടക്കുന്ന മുറിയുടെ ചുമരിൽ ചെന്ന് ഒരടിയടിച്ചു. അൽഹംദുലില്ല. ഉടനെ യാതൊരു വിഷമവും കൂടാതെ ആ സ്ത്രീ പ്രസവിച്ചു.

## പോലീസുകാർക്ക് മുമ്പിൽ ശൈഖുന:

പോലീസുകാരാകുന്ന അധികാരികൾക്കും ശൈഖുനക്കുമിടയിൽ ധാരാളം അൽഭുത സ്വഭാവങ്ങൽ ഉണ്ടായിട്ടുണ്ട്. പോലീസുകാർ കള്ള കഥകളുണ്ടക്കി ശൈഖുനായെ ബന്ധനസ്ഥനാക്കാൻ ഒരുപാട് തവണ തീരുമാനിച്ചു. അതിന് സാധിച്ചില്ല. നിരന്തര പരിശ്രമങ്ങൾക്ക് ശേഷം ഒരു ദിവസം അവർ ശൈഖുനയെ കണ്ടെത്തുകയും അറസ്റ്റ് ചെയ്ത് കയ്യിൽ ആമം വെച്ച് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടു പോയി. എല്ലാം

അല്ലാഹുവിന്റെ പരീക്ഷണമാണെന്ന് സമാശ്വസിച്ച ശൈഖുനാക്ക് പെട്ടന്നാണ് അല്ലാഹുവിന്റെ സഹായമുണ്ടായത്. ശൈഖുനയുടെ കയ്യിൽ ബന്ധിച്ച ആമം അപ്രത്യക്ഷമാവുകയും മറിച്ച് ഓരോ പോലീസുകാരന്റെയും കയ്യിൽ ആമം വന്ന് കുരുങ്ങുകയും ചെയ്തു. പോലീസ് സ്റ്റേഷൻ എത്തുന്ന സന്ദർഭത്തിൽ തന്നെ അറസ്റ്റ് ചെയ്യാൻ വന്ന പോലീസുകാരുടെ നേതാവായിട്ടാണ് ശൈഖുന അവിടേക്ക് കടന്നു ചെന്നത്. ഇതു കണ്ട മുതിർന്ന ഉദ്യോഗസ്ഥൻ അത്ഭുതപ്പെടുകയും ഭയപ്പെടുകയും ശൈഖുനയുടെ കാൽക്കൽ വീണ് മാപ്പിരക്കുകയും ചെയ്തു. ശൈഖുന അവർക്ക് മാപ്പ് കൊടുക്കുകയും ഉടനെ പോലീസുകാരുടെ കയ്യിലെ ആമം അപ്രത്ത്യക്ഷമാവുകയും ചെയ്തു. പിന്നീടൊരിക്കലും അവർ ശൈഖുനയെ തൊട്ട് കളിക്കാൻ മുതിർന്നിട്ടി ല്ല.

## പാർസലായി വന്ന പ്രഹരം :

ഒരു ദിവസം കുന്നംകുളത്തിനടുത്ത് കടങ്ങോട് ഭാഗത്ത് ഒരു വീട്ടിലേക്ക് ശൈഖുനായെ ക്ഷണിക്കപ്പെട്ടു. ആ വീട്ടിൽ ഒരാൾക്ക് സുഖമില്ലാത്തതിനാൽ ചികിൽസ നടത്താനാണ് ശൈഖുനയെ കൊണ്ടുപോയത്. മഹാനവർകൾ ചികിൽസക്കുള്ള നിർദ്ദേശങ്ങളും മറ്റും മുരീദുമാർക്ക് നൽകി അൽപ്പം അകലെയുള്ള മരച്ചുവട്ടിൽ ഏകനായിരുന്ന് അള്ളാഹുവിനെ ധ്യാനിക്കുകയാണ്. ഈ സമയം അതുവഴിവന്ന അന്നാട്ടുകാരനായ ഒരു ചട്ടമ്പി ശൈഖുനയെ കണ്ടു. ശൈഖുനയുടെ ഇരുത്തവും ധ്യാനവുമെല്ലാം പരിഹാസത്തോടെ വീക്ഷിച്ച അവൻ ശൈഖുനയെ പരിഹാസ വർഷങ്ങൾ കൊണ്ട് വേദനിപ്പിച്ചു. വീണ്ടും പരിഹാസം തുടർന്ന് കൊണ്ട് വീട്ടിലേക്ക് പോയി. അത്ഭുതമെന്ന് പറയട്ടെ... വീട്ടിലെത്തേണ്ട സമയം ആരോ പിറകിൽ നിന്ന് നടുമ്പുറത്ത്

ഒന്നടിച്ചു. ഓർക്കാപ്പുറത്ത് കിട്ടിയ പ്രഹരത്തിന്റെ വേദന കടിച്ചിറക്കി കൊണ്ട് അവൻ തിരിഞ്ഞ് നോക്കി പക്ഷേ ആരെയും കാണുന്നില്ല. തുടർന്നും പ്രഹരമേൽക്കേണ്ടി വന്ന അയാൾ അവശനായപ്പോഴാണ് മനസ്സിലായത്. താൻ മുമ്പ് കളിയാക്കിയ ആൾ നിസ്സാര വ്യക്തിയല്ല. ഉടനെ ശൈഖുനയുടെ അടുത്ത് ചെന്ന അദ്ദേഹം മാപ്പിരക്കുകയും ശൈഖുന അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും ചെയ്തു. അതോടെ അടിയും നിലച്ചു.

## വയറു വേദനക്ക് ഔഷദം കാട്ടുവള്ളി

ഒരിക്കൽ ശൈഖുനായുടെ അടുക്കൽ ഒരാൾ വന്നു. അയാൾക്ക് വിട്ടുമാറാത്ത വയറുവേദനയായിരുന്നു. നിരവധി ഡോക്ടർമാർ ചികിത്സിച്ചു. യാതൊരു ശമനവും കിട്ടാതെ നിരാശനായി കഴിയുമ്പോഴാണ് അദ്ദേഹം ശൈഖുനയുടെ തിരുസന്നിധിയിൽ വന്ന് സങ്കടം പറയുന്നത്. ഉടനെ ശൈഖുന പ്രതികരിച്ചു. വേട്ടോൻ പറയുന്നു വേണമെന്ന്, വേട്ടോത്തി പറയുന്നു വേണ്ടെന്ന്. ഇത് കേട്ട് ആഗതൻ അന്തം വിട്ട് നിന്നു. ശൈഖുനയുടെ പ്രവചനത്തിന്റെ പൊരുളറിയാതെ അയാൾ വിഷമിച്ചു. അൽപ നേരം അവിടെ തന്നെ നിന്ന അദ്ദേഹം ഒരെത്തും പിടിയും കിട്ടാതെ വീട്ടിലേക്ക് തിരിച്ചു. വയറുവേദനക്കാണങ്കിൽ യാതൊരു ശമനവും ഇല്ല. മറ്റൊരു ദിവസം വനപ്രദേശത്ത് കൂടി നടന്ന് പോകുമ്പോൾ രണ്ടാളുകൾ നിന്ന് തർക്കിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഒരു വേട്ടോനും വേട്ടോത്തിയും ആയിരുന്നു അവർ. തർക്കം മറ്റൊന്നുമല്ല, അവരുടെ പുരപ്പുറത്തേക്ക് ഒരു ചെടിയുടെ വള്ളി പടർന്നു പന്തലിച്ചിട്ടുണ്ട്. അത് വെട്ടി മുറിക്കാൻ വേട്ടോൻ ഒരുമ്പെട്ടപ്പോൾ വേട്ടോ

ത്തി അതിനെ എതിർക്കുകയാണ്. ഇതൊരു മരുന്നാണ് എന്നാണ് വേട്ടേ്വത്തി പറയുന്നത്. ഇത് കേട്ടപ്പോൾ ആ ഗതന് ശൈഖുന പറഞ്ഞ വാക്ക് ഓർമ്മ വന്നു. അ യാൾ ഉടനെ വേട്ടേ്വനെ സമീപിച്ചു. ചെടിയുടെ ഒരൽ പം വള്ളി ആവിശ്യപ്പെട്ടു. വേട്ടേ്വൻ മുറിച്ചു കൊടു ത്തു. അയാൾ വള്ളിയുമായി വേഗം വീട്ടിലേക്ക് തിരി ക്കുകയും ഔഷധമാക്കി സേവിക്കുകയും ചെയ്ത പ്പോൾ കാലങ്ങളായി പിടിപ്പെട്ടതും ദിശ്വഗ്വരന്മാർ ക യ്യൊഴിച്ചതുമായ വയറു വേദന പൂർണ്ണമായും സുഖപ്പെ ട്ടു.

## സർപ്പങ്ങളുടെ കൂട്ടുകാരൻ

വിഷം ചീറ്റുന്ന പാമ്പുകളുമായി സഹവസിക്കൽ ശൈഖുനയുടെ ഒരു വിനോദമായിരുന്നു. ശൈഖുന വീട്ടിലുണ്ടാകുന്ന സമയത്തെല്ലാം പല പാമ്പുകളും മ ഹാനവറുകളുടെ തിരുമുന്നിൽ വന്നു കൊണ്ട് ആ പു ണ്യവദനം കൺകുളിർക്കെ കാണുക പതിവായിരുന്നു. പക്ഷേ വീട്ടിലേക്ക് സർപ്പങ്ങളുടെ ഈ നുഴഞ്ഞു കയ റ്റം വീട്ടുകാർക്ക് വിഷമമായി. തൊട്ടാൽ കഥ കഴിക്കു ന്ന ഇത്തരം പാമ്പുകളോട് ശൈഖുന ഇടപഴകുന്നത് പോലെ വീട്ടുകാർക്ക് സഹവസിക്കാൻ സാധ്യമാകു ന്നില്ല. ഈ പ്രയാസം മണത്തറിഞ്ഞ ശൈഖുന വീട്ടി ലേക്ക് പാമ്പുകൾ വരുന്നത് വിലക്കി. കുടുംബത്തിന്റെ ബുദ്ധിമുട്ട് കണക്കിലെടുത്ത പാമ്പുകൾ വീട്ടിലേക്കും പറമ്പിലേക്കും കടക്കാതെ പുറത്ത് നിന്ന് മഹാനവറുക ളുമായി സമ്പർക്കം പുലർത്തൽ പതിവായി. സദാ അല്ലാഹുവിനെ ധ്വാനിച്ചുകൊണ്ട് നടക്കുന്ന ഒരടിമക്ക് യാതൊന്നിന്റെയും ഉപദ്രവം ഏൽക്കേണ്ടി വരുകയില്ല.

## ഇന്ന് വഫാത്ത് ആകും?

ശൈഖുനായുടെ മഹത്വം കേട്ടറിഞ്ഞ ഒരാൾ ശൈഖിനെ കാണാൻ വല്ലാതെ കൊതിക്കുകയും അതിന് പരിശ്രമിക്കുകയുംചെയ്തിരുന്നു.

പക്ഷേ അദ്ദേഹത്തിന് ശൈഖുനയെ കണ്ട് മുട്ടാനുള്ള അവസരം ലഭിച്ചിരുന്നില്ല. പെട്ടന്നാണ് ഒരു ദിവസം ശൈഖുന അവരുടെ വീട്ടിലേക്ക് കയറി വന്നത്. അദ്ദേഹത്തോട് അൽപം ചില വസ്വിയ്യത്തുകൾ ചെയ്ത് വീട്ടുകാരെ വിളിച്ച് പറഞ്ഞു : ഇന്ന് വൈകുന്നേരം ഇയാൾ വഫാത്താകുന്നതാണ് ആയത് കൊണ്ട് വേണ്ടത് ചെയ്തുകെള്ളുക. തന്റെ ജീവിതാഭിലാഷം പൂവണിഞ്ഞ അദ്ദേഹം ശൈഖിന്റെ പ്രവചനം പോലെ അന്ന് വൈകുന്നേര സമയത്ത് വഫാത്തായി .

## ശൈഖ് അവർകൾ നാല്പത് പ്രതിരൂപങ്ങളിൽ

ഒരിക്കൽ ശൈഖുനയുടെ നാട്ടിലുള്ള ഒരു സൂഫിവര്യൻ, യഥാർത്ഥ സിൽസിലയിൽ ബന്ധിതനായ ഒരു ശൈഖിനെ തേടി ഇറങ്ങി. എന്നാൽ എത്ര ശ്രമിച്ചിട്ടും താൻ അന്വേഷിച്ച ശൈഖിനെ കണ്ടെത്താനായില്ല. അവസാനം ഒരു നല്ല വ്യക്തിയെ കാണുകയും അദ്ദേഹം 'താങ്കൾ അന്വേഷിക്കുന്ന വ്യക്തി നിങ്ങളുടെ നാട്ടിലുണ്ട്' എന്ന് പറഞ്ഞ് അദ്ദേഹത്തെ തിരിച്ച് നാട്ടി

ലേക്ക് തന്നെ അയച്ചു. അത് ശൈഖുനാ സഊദ് വലിയ്യുല്ലാഹി തങ്ങളായിരുന്നു. ശൈഖുനയെ കണ്ടതും ഇത് ഞാൻ അന്വേഷിക്കുന്ന ശൈഖ് തന്നയാണോ എന്ന് സംശയിച്ചു. അദ്ദേഹത്തിന്റെ മനസ്സറിഞ്ഞ ശൈഖുന ഒരു ജലപാത്രം കയ്യിൽ നൽകി വെള്ളംകാണ്ടുവരാൻ പറഞ്ഞു. വെള്ളം കൊണ്ടു വന്ന സമയത്ത് അദ്ദേഹം കണ്ടത് ശൈഖുനായുടെ രൂപത്തിലുള്ള 40 പേരെ ആയിരുന്നു. അതുകണ്ടതും ആഗതൻ ആകെ വിഭ്രാന്തനായി. തുടർന്ന് ശൈഖുന പ്രതിരൂപത്തിൽ നിന്നും ഏകരൂപത്തി ലേക്കായി മാറുകയും സംശയം തീർന്നില്ലേ എന്ന് ചോദിക്കുകയും ചെയ്തു. ശേഷം അദ്ദേഹത്തെ സ്വീകരിച്ച് അനുഗ്രഹം നൽകി യതിന് ശേഷമാണ് പറഞ്ഞയച്ചത്.

## പിശാചിന്റെ ഉപദ്രവത്തിൽ നിന്നും മോചനം

ഏറെ കാലമായി പൈശാചിക ബാധ മൂലം ദുരിതമനുഭവിക്കുന്ന ഒരു കുടുംബത്തിന്റെ വേദന ഒരാൾ വന്ന് ശൈഖുനയോട് പറഞ്ഞു. തത്സമയം ശൈഖുന തന്റെ അടുത്തിരുന്ന മുരീദുമാരിൽ ഒരാളെ വിളിച്ച് ഒരു മന്ത്രം പറഞ്ഞ് കൊടുക്കുകയും ഈ സാധുവിനെ ഉപദ്രവിക്കരുതെന്ന് ശൈത്വാനോട് ഞാൻ പറഞ്ഞിരിക്കുന്നുവെന്ന് പറയാനും പറഞ്ഞു. ആ മുരീദ് അപ്രകാരം പ്രവർത്തിച്ചു. ഉടനെ തന്നെ പിശാച് അദ്ദേഹത്തെ വിട്ടൊഴിഞ്ഞ് പോവുകയും രോഗി സുഖം പ്രാപിക്കുകയും ചെയ്തു.

## കഠാരയുമായി പാഞ്ഞടുത്തവൻ കുടൽ പൊട്ടി മരിച്ചു

അസൂയ വളരെ വിനാശകരമായ രോഗമാണ്. തന്റെ പ്രതിയോഗിക്ക് എന്തെങ്കിലും ഉയർച്ച ഉണ്ടാകുന്നതും ആരെങ്കിലും അയാളെ സഹായിക്കുന്നതും അസൂയക്കാരൻ ക്ഷമിക്കുകയില്ല. തന്റെ ശത്രുവിനെ സഹായിക്കുന്നവരോടും അയാളുടെ മനോഭാവം വ്യത്യാസമല്ല. ഒരിക്കൾ ശൈഖ് അവറുകളുടെ സ്നേഹിതന്മാരിൽ പെട്ട ഒരാൾക്ക് തൽസമാത്ത് സംബന്ധമായ ചില ഉപകാരങ്ങൾ ചെയ്തു കൊടുത്തത് അയാളുടെ ശത്രുവിന് ഒട്ടും സഹിച്ചില്ല. അയാൾ തന്റെ ശിങ്കിടികളെയും കൂട്ടി ശൈഖ് അവർകൾക്ക് നേരെ പാഞ്ഞടുക്കുകയുണ്ടായി. അപ്പോൾ അവിടെ ഉണ്ടായിരുന്ന ശൈഖ് അവറുകളുടെ മുരീദുകളും മുഹിബ്ബീങ്ങളും വല്ലാതെ ഭയന്ന് പോയി. അവർ നിലവിളിക്കാൻ തുടങ്ങി. ഇത് കണ്ട് ശൈഖ് അവർകൾ അവരെ വിലക്കുകയും എനിക്ക് എന്റെ റബ്ബുണ്ട്, അവൻ എന്നെ കാത്ത് കൊള്ളുമെന്ന് പറഞ്ഞു

അക്രമികളുടെ നേതാവ് ഊരിപ്പിടിച്ച കഠാരവുമായി ശൈഖവറുകളുടെ നേരെ കുതിച്ച് വന്നു. അവനു നേരെ ശൈഖ് തീക്ഷ്ണമായൊന്ന് നോക്കി. തൽക്ഷണം വയർ പൊട്ടി അവൻ നിലം പതിക്കുകയും പിടഞ്ഞ് മരിക്കുകയും ചെയ്തു. കൊച്ചിക്കാരനായ അക്രമിയുടെ കൊലവിളി അവിടെ അവസാനിച്ചു. ഔലിയാക്കളെ അവഹേളിക്കുന്നവരുടെ അന്ത്യം വളരെ നിന്ദ്യമായിരിക്കും.

# ശൈഖുനയുടെ വഫാത്ത്

## ശൈഖുന മരണത്തെ മുൻകൂട്ടി കാണുന്നു:

ശൈഖുന 90-കൾ പിന്നിട്ടപ്പോഴും പൂർണ്ണ ആരോഗ്യ സുസ്മേര വദനായിരുന്നു. ഒരിക്കൽ ശൈഖുനയുടെ പ്രധാന മുരീദുകളിൽ ചിലരോട് ശൈഖുന വഫാതിന്റെ സമയത്തെക്കുറിച്ചും സന്ദർഭത്തെക്കുറിച്ചും തന്റെ പ്രായത്തെക്കുറിച്ചും പറഞ്ഞ് കൊടുത്തിരുന്നു. ആ സംഭവം നമുക്ക് ഇങ്ങനെ ഗ്രഹിക്കാം. ശൈഖുന തന്റെ മുരീദുമാരെ വിളിച്ച് പറഞ്ഞു, ഞാൻ അസ്മാഉൽ ഹുസ്ന (അല്ലാഹുവിന്റെ പരിശുദ്ധ നാമം) യുടെ കണക്ക് വരെ ജീവിക്കും. 99 വയസ്സ് വരെ പൂർണമായാൽ മഹാനവർകൾ വഫാതാകുമെന്ന് ശിഷ്യന്മാർ ഇതിൽ നിന്നും മനസ്സിലാക്കി. കാലങ്ങൾ കടന്ന് പോയി. ശൈഖുനാക്ക് 99 വയസ്സ് തികഞ്ഞു. ശിഷ്യന്മാരിൽ ആകെ പരിഭ്രാന്തി പടർന്നു. എന്നാൽ 99 വയസ്സ് പൂർത്തിയായിട്ടും തങ്ങളുടെ ഗുരുവിന് മരണത്തിന്റെ ഒരു അസറും(അടയാളം) പ്രകടമായില്ല എന്നത് അവരെ അത്ഭുതപ്പെടുത്തി. കാരണം ശൈഖുനയുടെ ഒരു വാക്കും ഇതുവരെ പാഴ്വാക്കായത് അവരുടെ കേട്ടറിവിൽ പോലുമില്ല. സംഭവം ശൈഖുനയുടെ അറിവിലെത്തി. ഉടനെ ശൈഖുന തന്റെ മുരീദുമാരെ വിളിച്ച് ചോദിച്ചു. അസ്മാഉൽ ഹുസ്ന 101 ആണെന്ന് കിതാബുകളിൽ ഇല്ലേ എന്ന് ഇത് കേട്ട മാത്രയിൽ സംശയം ദൂരീകരിച്ച സന്തോഷമായിരുന്നില്ല മുരീദുകളുടെ മുഖത്ത് കണ്ടത്. തങ്ങളുടെ ശൈഖിന്റെ സുന്ദര വദനം അധിക നാൾ കാണാൻ കഴിയില്ലല്ലോ എന്ന ആധിയായിരുന്നു അവരുടെ മനസ്സിൽ. കാരണം ശൈഖുന അവർക്ക് സ്നേഹവും വാൽസല്യവും ദയയും സമസ്യം സമ്മേളിച്ച ഒരു പിതാവായിരുന്നു. അങ്ങിനെ ആ ദിനം വന്നെത്തി.

## മരണം

ദുഃഖവും ദുരിതവും പേറി നട്ടം തിരിയുന്ന വിലാപ ഹൃദയങ്ങൾക്ക് ശാന്തിയുടെയും സമാധാനത്തിന്റെയും തെളിനീരായിരുന്ന അയിലക്കാട് മൂപ്പരുടെ സാന്നിദ്ധ്യം ജനങ്ങൾ ആസ്വദിച്ച് കൊതി തീർന്നിരുന്നില്ല. ജാതിമ തഭേതമന്യേ തന്നെ തേടിയെത്തുന്ന ഏവർക്കും ആ ശ്വാസം പകർന്ന് കൊണ്ട് ഒരു പുരുഷായുസ്സ് നടന്നു നീങ്ങുന്നതിനിടയിലാണ് അത് സംഭവിച്ചത്. വിഷമ വൃ ത്തത്തിൽപെട്ട് വിലപിക്കുന്ന മനസ്സുകളുടെയും ആട്ടിട യനില്ലാത്ത ആട്ടിൻപറ്റത്തെപ്പോലെ ദിശ മാറി സഞ്ചരി ച്ച ഉമ്മത്തിന്റെ അത്താണിയുമായ അയിലക്കാട് മൂപ്പർ ഈ ലോകത്തോട് വിടപറയുകയാണ്. ഹിജ്റ 1378 ലെ ദുൽഹിജ്ജയുടെ ചന്ദ്രക്കീറ് മാനത്ത് നിലാവ് പടർത്തി യത് ആ മഹാന്റെ വിയോഗത്തിൽ അനുശോചിച്ചു കൊണ്ടാണ്. അതെ അയ്യാമുത്തശ്‌രീഖിന്റെ മൂന്നാം ദി വസമായ ദുൽഹിജ്ജ 12ന് ഒരു വെള്ളിയാഴ്ച ദിനം ത ന്റെ മുരീദുമാരോട് പറഞ്ഞ് വെച്ച സമയത്ത് തന്നെ ആ പവിത്രമായ ആത്മാവിനെ അല്ലാഹു തന്നിലേക്കടു പ്പിക്കാൻ തീരുമാനിച്ചു. തദവസരം അന്നേദിവസം ളു ഹാ സമയം ഇലാഹീ സ്നേഹത്തിന്റെ മാധുര്യ കാവ്യം ഉരുവിട്ട് കൊണ്ട് ശൈഖുന ഇലാഹീ സന്നിധിയിലേക്ക് പറന്നുയർന്നു. അതെ യഥാർത്ഥ ഒരു വിശ്യാസിയുടെ ഏറ്റവും സന്തോഷമേറിയ നിമിഷം. തന്നെ സൃഷ്ടിച്ച ത ന്റെ നാഥനെ നേരിട്ട് കാണാൻ പുതുമാരൻ മണിയറ യിൽ പ്രവേശിക്കുന്നത് പോലെ പുറപ്പെടുന്ന ആ പവി ത്രമായ യാത്ര.

സഈദ് വലിയുല്ലാഹി തങ്ങൾ ഇന്നും തന്റെ സ്വാലിഹീങ്ങളായ മുരീദുമാരിലൂടെ ആത്മീയ വേദിക ളിൽ ജ്വലിച്ച് കൊണ്ടേയിരിക്കുന്നു.

# ശൈഖുനാ ശംസുൽ ഉലമ

ശൈഖുന സഊദ് വലിയുല്ലാഹി തങ്ങളുടെ നൂറുകണക്കിന് മുരീദുമാരിൽ അതിപ്രധാനിയാണ് അവിടുത്തെ ഖലീഫ കൂടിയായ കമാലുദ്ദീൻ ഉമറുൽ ഖാദിരിയുടെ ജ്യേഷ്ഠ സഹോദരൻ ശംസുൽ ഉലമ ഇ.കെ അബൂബക്കർ മുസ്ലിയാർ. ശൈഖുനയുടെ വഫാത്തിന് മുമ്പും ശേഷവും അവർ തമ്മിലുള്ള ആത്മീയ ബന്ധം കേളി കേട്ടതാണ്. ശൈഖുനയുടെ വഫാത്തിന് ശേഷം അവിടെത്തെ മൗലിദ് രചിച്ച് ശംസുൽ ഉലമ അവിടുത്തെ ഹള്റത്തിൽ വന്ന് പാരായണം ചെയ്യുമ്പോൾ ശൈഖുന തന്നെ മൗലിദിന്റെ ഒരു ഭാഗത്ത് തിരുത്തൽ നൽകിയത് ഇതിനൊരുദാഹരണം മാത്രം. ശൈഖുനായെ വളരെയധികം ബഹുമാനിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്ത വ്യക്തിയാണ് ശംസുൽ ഉലമ ഇ.കെ അബൂബക്കർ മുസ്ലിയാർ. ഏവരേയും അത്ഭുതപ്പെടുത്തുന്ന ആ ധന്യ ജീവിതത്തിന്റെ സുകൃതങ്ങൾക്ക് കാരണക്കാരനായ അവിടുത്തെ ആത്മീയ ഗുരുവായിരുന്നു അയിലക്കാട് അന്ത്യവിശ്രമം കൊള്ളുന്ന ശൈഖുനാ സഊദ് വലിയുള്ള.

യമനിൽ നിന്ന് കേരളക്കരയിൽ കുടിയേറിപ്പാർത്ത

പണ്ഡിത പരമ്പരയിലെ പ്രധാന കണ്ണിയായ കോയക്കുട്ടി മുസ്ലിയാരു(റ)ടേയും ബീവിക്കുട്ടി(റ)യുടേയും ആദ്യമകനായി ഹിജ്റ 1333 ക്രി.1914 കോഴിക്കോടിനടുത്ത് പറമ്പിൽ ബസാറിലെ എഴുത്തച്ചൻകണ്ടി എന്ന തറവാട്ടിലാണ് ശൈഖുന ശംസുൽ ഉലമ ജനിക്കുന്നത്.

ഖാദിരിയ്യാ ത്വരീഖത്തിന്റെ ശൈഖും മഹാപണ്ഡിതനുമായിരുന്ന പിതാവ് കോയക്കുട്ടി മുസ്ലിയാരിൽ നിന്നാണ് ശംസുൽ ഉലമ പ്രാഥമിക വിദ്യാഭ്യാസവും ആത്മീയ ശിക്ഷണവും കരസ്ഥമാക്കുന്നത്. ശേഷം മടവൂർ സി എം അബൂബക്കർ മുസ്ലിയാരുടെ പിതാവ് മടവൂർ കൂഞ്ഞായിൽ കോയ മുസ്ലിയാരുടെ ദർസിൽ ചേർന്നു. അതിന് ശേഷം പള്ളിപ്പുറം അബ്ദുൽ ഖാദർ മുസ്ലിയാർ, കണ്ണിയത്ത് അഹ്മദ് മുസ്ലിയാർ, അബ്ദുൽ അലി കോമു മുസ്ലിയാർ, അയിനിക്കാട് ഇബ്രാഹീം മുസ്ലിയാർ തുടങ്ങിയ പ്രഗൽഭ സൂഫീ വര്യരും പണ്ഡിതരുമാകുന്ന മഹത്തുക്കളിൽ നിന്ന് അനന്തമായ ഇൽമിന്റെ ഓരോ മേഘലയും കീഴടക്കി. തുടർന്ന് ഉപരി പഠനാർത്ഥം വെല്ലൂർ ബാഖിയാതുസ്വാലിഹാത്തിൽ ചേർന്നു. ഇവിടെ നിന്ന് ശൈഖ് അബ്ദുറഹീം ഹസ്രത്ത്, ശൈഖ് ആദം ഹസ്റത്ത്, ശൈഖ് അബ്ദുൽ അലി ഹസ്റത്ത്, ശൈഖ് അഹ്മദ് കോയ ശ്ശാലിയാത്തി തുടങ്ങി പണ്ഡിത മഹത്തുക്കളുമായി അടുത്തിടപഴകുകയും അവരിൽ നിന്ന് ത്വരീഖത്തും നിരവധി ഇജാസത്തുകളും കരസ്ഥമാക്കി. വിജ്ഞാന സമ്പാദത്തിന് വേണ്ടി ജീവിതം ഉഴിഞ്ഞ് വെച്ചപ്പോഴും തന്റെ ആത്മീയ മണ്ഡലങ്ങളെ പ്രശോഭിതമാക്കാൻ മഹാനവറുകൾ നന്നായി ശ്രദ്ധിച്ചിരുന്നു.

വെല്ലൂരിലെ പഠനകാലത്ത് അദ്ദേഹത്തിന്റെ ബുദ്ധി വൈഭവവും, അഗാധജ്ഞാനവും അറിഞ്ഞ ഉസ്താദുമാർ ചില വിഷയങ്ങൾ ക്ലാസെടുക്കാൻ അദ്ദേഹത്തെ

ഏൽപ്പിച്ചിരുന്നു. കോട്ടുമല അബൂബക്കർ മുസ്ലിയാർ, നെല്ലിക്കുത്ത് മുഹ്‌യിദ്ദീൻ എന്ന ബാപ്പുട്ടി മുസ്ലിയാർ, ഒ.കെ സൈനുദ്ദീൻ മുസ്ലിയാർ തുടങ്ങിയവർ ബാഖിയാത്തിൽ വെച്ച് മഹാനുഭാവന്റെ ശിഷ്യത്വം സ്വീകരിച്ചവരാണ്. പരീക്ഷയിൽ പൂർണ്ണമായും ഉത്തരമെഴുതി വിജയിച്ച അദ്ദേഹത്തിന് ബിരുദം നൽകി കൊണ്ട് ശൈഖ് സിയാഉദ്ദീൻ ഹസ്രത്ത് പറഞ്ഞു: താങ്ങൾക്ക് അനുഗ്രഹാശീസ്സുകൾ നേരുന്നു. താങ്ങൾ ഈ സ്ഥാപനത്തോടുള്ള കടപ്പാട് നിർവ്വഹിക്കുക. ബിരുദാനന്തരം ബാഖിയാത്തിൽ തന്നെ മുദരിസായി ശംസുൽ ഉലമ നിയോഗിക്കപ്പെടുകയായിരുന്നു. ഇസ്ലാമിലെ അനന്തരവകാശവിധികളും ശാഫിഈ മദ്ഹബിലെ ഫത്‌വക്കുള്ള അധികാരവും ചെറുപ്രായത്തിൽ തന്നെ ഈ യുവ പണ്ഡിതന്റെ കരങ്ങളിലായത് അവിടുത്തെ പാണ്ഡിത്യത്തിന്റെ ആഴം മനസ്സിലാക്കാനുള്ള ഒരു മാർഗമാണ്.

അനാരോഗ്യം കാരണം 1948 ൽ വെല്ലൂർ വിട്ട ശംസുൽ ഉലമ പിന്നീട് കേരളക്കരയിലെ പ്രബോധന പ്രവർത്തനങ്ങളിൽ നിറഞ്ഞ് നിന്നു. സുന്നത്ത് ജമാഅത്തിന്റെ ധീര ശബ്ദമായി പുത്തൻ വാദികൾക്കും വിഘടിതർക്കും പേടി സ്വപ്നമായി മാറിയ ശംസുൽ ഉലമ തളിപ്പറമ്പ് ഖുവ്വത്തുൽ ഇസ്ലാം, പാറക്കാവ് ജുമാ മസ്ജിദ് എന്നിവിടങ്ങളിൽ മുദരിസായി സേവനമനുഷ്ഠിച്ചു. 1963 മുതൽ 1977 വരെ പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിക് കോളേജിൽ പ്രിൻസിപ്പലായിരുന്നു. ശേഷം പൂച്ചക്കാട് ജുമാ മസ്ജിദിൽ മുദരിസായി. പിന്നെ അന്ത്യം വരെയും നന്തി ദാറുസ്സലാം അറബിക് കോളേജിൽ പ്രിൻസിപ്പലായിരുന്നു.

ഇ.കെ ഹസൻ മുസ്ലിയാർ, കെ.കെ അബൂബക്കർ ഹസ്രത്ത്, കോട്ടുമല അബൂബക്കർ മുസ്‌ലിയാർ, മടവൂർ സി.എം വലിയുള്ളാഹി, സയ്യിദ് ഉമറലി ശിഹാ

ബ് തങ്ങൾ, സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ, സയ്യിദ് ജിഫ്രി മുത്തുകോയ തങ്ങൾ, കെ ആലിക്കുട്ടി മുസ്‌ലിയാർ തുടങ്ങി അനേകായിരം ബാഖവി, ഫൈസി ദാരിമി ബിരുദധാരികൾ ശംസുൽ ഉലമയുടെ ശിഷ്യന്മാരായുണ്ട്.

1957 മുതൽ 1966 ൽ വഫാത്താകുന്നത് വരെ. മുസ്‌ലിം കൈരളിയുടെ ആധികാരിക പരമോന്നത പണ്ഡിത സഭയുടെ മുഖ്യ കാര്യദർശിയായിരുന്ന സുന്നി പ്രസ്ഥാനത്തിന്റെ പടനായകനായ ശംസുൽ ഉലമ സുന്നി കൈരളിക്ക് എന്നും  ആവേശമായിരുന്നു. വികല വാദവുമായി വന്ന പുത്തൻവാദികൾക്ക് ആ മഹാമനീഷിയുടെ മുന്നിൽ പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല എന്നത് കൈരളി കണ്ട യാഥാർത്ഥ്യമാണ്.

പുനൂർ, ഒതായി, എടവണ്ണ തുടങ്ങിയ സ്ഥലങ്ങളിൽ വെച്ച് ബിദ്അത്തുകാരുമായി സംവാധം നടത്തുകയും അബദ്ധ ജഢിലമായ അവരുടെ നിരർത്തക വാദങ്ങൾ തൊലിയുരിച്ച് ജനമദ്ധ്യേ കാണിക്കുന്നത് ശൈഖുനായുടെ കഴിവ് തന്നെ. ഖാദിയാനികളും ബിദ്അത്തുകാരും ഖുർആൻ ഹദീസ് ദുർ വ്യാഖ്യാനം ചെയ്ത് ബഹുജനത്തെ പിഴപ്പിക്കാൻ ശ്രമിച്ച സന്ദർഭം അവർക്കെതിരെ സന്ധിയില്ലാ സമരം നടത്തിയ ശംസുൽ ഉലമ സുന്നത്ത് ജമാഅത്തിന്റെ ആശയാദർശങ്ങൾ വ്യക്തമാക്കിയും ഇത്തരം കുബുദ്ധികളുടെ പച്ചയായ പൊള്ളത്തരങ്ങൾ തുറന്ന് കാട്ടിയിട്ടുണ്ട്.അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇവക്ക് പുറമെ ആത്മീയ മണ്ഡലങ്ഹലിൽ നിറഞ്ഞ് നിന്ന ശൈഖുന തനിക്ക ലഭിച്ച ആത്മീയ നിർദ്ധേശ പ്രകാരം അജ്മീർ മൗലിദും ഇടിയങ്ങര ശൈഖ് അലാവുദ്ധീൻ ഹിംസി തങ്ങളെ മൗലിദും, അയിലക്കാട് ശൈഖുനാ സഈദ് സിറാജുദ്ധീൻ വലിയ്യിന്റെ മൗലിദും രചിച്ചിട്ടുണ്ട്. കൂടാതെ അനേകം അമൂ

ല്യമായ അറിവിന്റെ മു ത്തുമണികൾ കോർത്തിണക്കി പല ഗ്രന്ഥങ്ങളും ആ മഹാനുഭാവന്റെ സംഭാവനയായി സമൂഹത്തിന് ലഭിച്ചിട്ടുണ്ട്.

അത്യധികം ആകർശകമായിരുന്ന മഹാനുഭാവന്റെ വിജ്ഞാന സദസ്സ് ശ്രവിക്കാൻ അനേകായിരം ആളുകൾ പങ്കെടുക്കുകയും തങ്ങളുടെ മനസ്സിൽ കയറിക്കൂടുന്ന തെറ്റായ ധാരണകൾ തിരുത്താൻ സാധിച്ചതും അള്ളാഹു നൽകിയ വലിയ അനുഗ്രഹം തന്നെ. അഹ്ലുസുന്നത്തി വൽ ജമാഅത്തിന്റെ ആശയാദർശങ്ങൾക്ക് ഒരു തരത്തിലുമുള്ള കോട്ടങ്ങളും കുറവുകളും വരുത്താതെ ആ മഹിതമായ പ്രസ്ഥാനത്തിന്റെ വഴികാട്ടിയായിരുന്നു അദ്ദേഹം. എന്നാൽ ശൈഖുന സഈദ് സിറാജുദ്ധീനുൽ ഖാദിരി എന്നവരുമായി ജീവിതം ബന്ധപ്പെടുത്തിയപ്പോൾ ശംസുൽ ഉലമയുടെ ജീവിതം അർത്ഥ സമ്പൂർണ്ണമായി തീർന്നു. ആത്മീയ മേഖലയിൽ അത്യാനന്ദത്തിന്റെ പരമാന്ദം തീർക്കുകയായിരുന്നു ശംസുൽ ഉലമ. അവർ തമ്മിലുള്ള ഗുരു ശിശ്യ ബന്ധം ദിനം പ്രതി ശക്തിയാർജ്ജിക്കുകയായിരുന്നു.ശംസുൽഉലമ എന്നവർക്ക് ഖാദിരി ത്വരീഖത്ത് നൽകുകയും അല്ലാഹുവുമായിയുള്ള ബന്ധം വളർത്തുവാൻ കാരണമായതും ശൈഖുന സഈദ് വലിയുള്ളാഹി തങ്ങളായിരുന്നു. അവർ തമ്മിലുള്ള സ്നേഹത്തിന്റെ തോതനുസരിച്ച് ശംസുൽ ഉലമ പലപ്പോഴും പറയുമായിരുന്നു. "എനിക്ക് ഈ ഭൂമിയിൽ അല്ലാഹു സുബ്ഹാനഹുവതആല ഒരടിമക്ക് സുജൂദ് ചെയ്യാൻ സമ്മതം നൽകുകയായിരുന്നുവെങ്കിൽ അയിലക്കാട് മൂപ്പർക്ക് ഞാൻ സുജൂദ് ചെയ്യുമായിരുന്നു". മാത്രമല്ല, ശംസുൽ ഉലമ ഏതൊരു പരിപാടിക്ക് പോവുകയാണെങ്കിലും അയിലക്കാട് സഈദ് വലിയുള്ള (റ) എന്ന

വരുടെ സമ്മതം കിട്ടിയതിന് ശേഷം മാത്രമേ പോയിരുന്നൊള്ളൂ.
ഒരിക്കൽ ഒരു സ്ഥലത്തേക്ക് പോകുന്നതിന്ന് വേണ്ടി എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയതിന് ശേഷം ശംസുൽ ഉലമ കസേരയിൽ ഇരിക്കുകയായിരുന്നു. ഇതു കണ്ട ശംസുൽ ഉലമയുടെ അനിയനും ശൈഖുന സഈദ് വലിയുള്ള തങ്ങളുടെ ഖലീഫയുമായ ഉമർ ഹാജി(റ) എന്നവർ ചോദിച്ചു. ഉസ്താദേ പോവുകയല്ലേ അപ്പോൾ ശംസുൽ ഉലമ പറഞ്ഞത്, എനിക്ക് അയിലക്കാട്ടത്തെ മൂപ്പരെ സമ്മതം കിട്ടിയിട്ടില്ല എന്നതായിരുന്നു. മാത്രമല്ല, ശംസുൽ ഉലമ വല്ല യാത്രയും പോകുന്ന സന്ദർഭത്തിൽ എടപ്പാൾ എത്തിയാൽ തന്നെ ശംസുൽ ഉലമയിൽ മുഖത്തും വേശത്തിലും വളരെ അധികം ബഹുമാനം പ്രകടമായിരുന്നു. അങ്ങനെ അയിലക്കാട് എത്തി ശൈഖുന സഈദ് വലിയുള്ളാഹി തങ്ങളുടെ സമ്മതം വാങ്ങിയിട്ടായിരുന്നു തുടർയാത്ര.
ഇത്രയും അധികം ബന്ധം ഉള്ളവരായിരുന്നു ശൈഖുന സഈദ് വലിയുള്ളാഹിയും ശംസുൽ ഉലമയും. ശംസുൽ ഉലമയുടെ ജീവിതത്തിലെ പല മാറ്റങ്ങൾക്കും കാരണം അയിലക്കാട് സഈദ് വലിയുള്ളാഹി തങ്ങളായിരുന്നു. ശംസുൽ ഉലമ മഹാനവറുകളെ കുറിച്ച് രചിച്ച മൗലിദിൽ പോലും വളരെ സുന്ദരമായ രീതിയിൽ അദ്ധേഹം ഇതിനെ പരാമർശിച്ചിട്ടുണ്ട്. ഒരുപാട് കറാമത്തുകളും മനസ്സിനെ കുളിരണിയിപ്പിക്കുന്നതുമായ ഒരുപാട് ചരിത്ര സംഭവങ്ങൾ ശംസുൽ ഉലമ ഇതിൽ പ്രധിപാധിച്ചിട്ടുണ്ട്. ശിഷ്യഗണങ്ങളെ അത്യധികം സ്നേഹിച്ച വന്ദ്യ ഗുരുവായിരുന്നു ശംസുൽ ഉലമ. ആ തിരു വചനത്തിലൂടെ അടർന്നു വീഴുന്നതെന്തും ഹൃദിസ്ഥമാക്കാൻ തയ്യാറായി കാത്തിരിക്കുന്ന ശിഷ്യ കണങ്ങൾക്ക് തങ്ങളുടെ വന്ദ്യഗുരുവിന്റെ അമര

ബ് തങ്ങൾ, സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ, സയ്യിദ് ജിഫ്രി മുത്തുകോയ തങ്ങൾ, കെ ആലിക്കുട്ടി മുസ്‌ലിയാർ തുടങ്ങി അനേകായിരം ബാഖവി, ഫൈസി ദാരിമി ബിരുദധാരികൾ ശംസുൽ ഉലമയുടെ ശിഷ്യന്മാരായുണ്ട്.

1957 മുതൽ 1966 ൽ വഫാത്താകുന്നത് വരെ. മുസ്‌ലിം കൈരളിയുടെ ആധികാരിക പരമോന്നത പണ്ഡിത സഭയുടെ മുഖ്യ കാര്യദർശിയായിരുന്ന സുന്നി പ്രസ്ഥാനത്തിന്റെ പടനായകനായ ശംസുൽ ഉലമ സുന്നി കൈരളിക്ക് എന്നും ആവേശമായിരുന്നു. വികല വാദവുമായി വന്ന പുത്തൻവാദികൾക്ക് ആ മഹാമനീഷിയുടെ മുന്നിൽ പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല എന്നത് കൈരളി കണ്ട യാഥാർത്ഥ്യമാണ്.

പുനൂർ, ഒതായി, എടവണ്ണ തുടങ്ങിയ സ്ഥലങ്ങളിൽ വെച്ച് ബിദ്അത്തുകാരുമായി സംവാധം നടത്തുകയും അബദ്ധ ജഢിലമായ അവരുടെ നിരർത്തക വാദങ്ങൾ തൊലിയുരിച്ച് ജനമദ്ധ്യേ കാണിക്കുന്നത് ശൈഖുനായുടെ കഴിവ് തന്നെ. ഖാദിയാനികളും ബിദ്അത്തുകാരും ഖുർആൻ ഹദീസ് ദുർ വ്യാഖ്യാനം ചെയ്ത് ബഹുജനത്തെ പിഴപ്പിക്കാൻ ശ്രമിച്ച സന്ദർഭം അവർക്കെതിരെ സന്ധിയില്ലാ സമരം നടത്തിയ ശംസുൽ ഉലമ സുന്നത്ത് ജമാഅത്തിന്റെ ആശയാദർശങ്ങൾ വ്യക്തമാക്കിയും ഇത്തരം കുബുദ്ധികളുടെ പച്ചയായ പൊള്ളത്തരങ്ങൾ തുറന്ന് കാട്ടിയിട്ടുണ്ട്.അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇവക്ക് പുറമെ ആത്മീയ മണ്ഡലങ്ഹലിൽ നിറഞ്ഞ് നിന്ന ശൈഖുന തനിക്ക ലഭിച്ച ആത്മീയ നിർദ്ധേശ പ്രകാരം അജ്മീർ മൗലിദും ഇടിയങ്ങര ശൈഖ് അലാവുദ്ധീൻ ഹിംസി തങ്ങളെ മൗലിദും, അയിലക്കാട് ശൈഖുനാ സഈദ് സിറാജുദ്ധീൻ വലിയ്യിന്റെ മൗലിദും രചിച്ചിട്ടുണ്ട്. കൂടാതെ അനേകം അമൂ

# ശൈഖുന കമാലുദ്ധീൻ ഉമർ ഹാജി

മഹാനവർകൾ ഹിജ്റ 1336 ജമാദുൽ ഊല 20 ബുധനാഴ്ച രാവിലെ പറമ്പിൽ കടവിൽ എന്ന ഗ്രാമത്തിലാണ് ജനിച്ചത്. മഹാനവറുകളുടെ പിതാവ് സുഹ്ദ്, തവക്കുൽ, സ്വലാഹ്, എന്നിവയിൽ അറിയപ്പെട്ട ആ കാലത്തെ മഹാപണ്ഡിതനും സൂഫിവര്യനും ത്യാഗിയുമായിരുന്നു. ഇസ്ലാമിക വിജ്ഞാനത്തിന്റെ പ്രചരണത്തിലും ദീനീ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അള്ളാഹുവിന്റെ ദീനിന്റെ പ്രചരണം സ്വയം ഏറ്റെടുക്കുകയും മതവിഷയങ്ങളിൽ കൃത്യ നിഷ്ഠതയും ആത്മാർത്ഥതയും പുലർത്തി വരികയും ചെയ്യുന്ന കുടുംബമാണ് എഴുത്തച്ഛൻ കണ്ടി തറവാട്.

പറമ്പിൽ കടവിൽ അടിയോട്ടിക്കൽ അബൂബക്കർ എന്നവരുടെ മകൾ ബീവിക്കുട്ടി,കോയക്കുട്ടി മുസ്ല്യാർ എന്നീ ദമ്പതികൾക്ക് പിറന്ന ഉമർ മുസ്ല്യാർ അടക്കം ഏഴ് പേരും പ്രഗൽഭരായ മാഹാ പണ്ഡിതന്മാരും സൂഫീവര്യന്മാരുമാണ്. പട്ടിണി കിടന്ന് വിശന്ന് വലയുമ്പോഴും ചിമ്മിണിക്ക് കാശില്ലാതെ നിലവിളക്കത്തിരുന്ന് പഠിക്കുന്ന സമയത്തും ദുനിയാവിന്റെ ഒരംശം പോലും മോഹിക്കാതെ ഈ ബുദ്ധിമുട്ടിൽ നിന്നും കര കയറണമെന്ന മോഹം പോലും ഇല്ലാതെ അള്ളാഹു

വിധിച്ചതിന്റെ മേൽ خير അഥവാ ഖുനൂത്തിലെ لك الحمد على ماقضيت എന്ന വാക്യം ഉൾകൊണ്ടതായിരുന്നു അവരുടെ ജീവിതം.

യമനിൽ നിന്നും വരക്കൽ സാദാത്തീങ്ങളുടെ കാത്തിബുകളായി അവരുടെ കൂടെ വന്ന് കേരളക്കരയെ സ്വന്തം നാടായി സ്വീകരിച്ചു പ്രയാണം തുടങ്ങിയതാണ് ഈകുടുംബം. മഹാനവറുകളുടെ വല്ലിപ്പമാർ കറാമത്ത് കൊണ്ട് അറിയപ്പെട്ട വലിയ പണ്ഡിതൻമാരാണ്.

പിതാവ് കോയക്കുട്ടി മുസ്ലിയാർ അക്കാലത്തെ മഹാ പണ്ഡിതനായിരുന്നു എന്ന് പറഞ്ഞുവല്ലോ, സൂഫി വര്യനും ത്യാഗിയുമായിരുന്ന മഹാനവറുകൾ ഇലാഹി പ്രീതി ലക്ഷ്യമാക്കി സ്വന്തം നാടായ പറമ്പിൽ കടവിൽ ദർസ് നടത്തി പോന്നു. ആ ദർസിൽ നിന്നും അനേകായിരം വിദ്യാർത്ഥികൾ മധുനുകർന്നിരുന്നു. അക്കാലത്തെ മത നവോത്ഥാനത്തിനും സമൂഹ സംസ്കരണത്തിനും നായകത്വം വഹിച്ച മഹാൻ ഖാദിരിയ്യ ത്വരീഖത്തിലെ ശൈഖാണ്. ഇ.കെ ഉമർ ഹാജി അടക്കമുള്ള മക്കൾക്ക് മത വിദ്യാഭ്യാസവും ആത്മീയ ശിക്ഷണവും പകർന്നു നൽകിയത് പിതാവാണ്.

അക്കാലത്തെ മഖ്ദൂം പണ്ഡിതരുടെ ശിഷ്യകണങ്ങളിൽ പ്രധാനിയാണ് പിതാവ് കോയക്കുട്ടി മുസ്ലിയാർ. ജീവിത പ്രാരാബ്തങ്ങൾ പേറി പ്രയാസങ്ങളിൽ പെട്ടിട്ടും ആരുടേയും ഔധാര്യത്തിന് മുമ്പിലും മുസ്ലിമിന്റെ അഭിമാനവും മാന്യതയും പണയപ്പെടുത്താൻ തയ്യാറായില്ല. തന്റെ സന്താനങ്ങൾക്ക് ശൈശവത്തിൽ തന്നെ അഭിമാന ബോധവും ത്യാഗബുദ്ധിയും മനോദാർഢ്യവും പകർന്ന് കൊടുക്കുന്നതിൽ ദീർഘ ദൃഷ്ടിയോടെ ശ്രദ്ധപതിപ്പിച്ചിരുന്നു. അത് പോലെ നഹ്വ്, സ്വർഫ്

തുടങ്ങിയ ദീനിയായ പ്രാഥമിക വിദ്യാഭ്യാസവും പിതാവിൽ നിന്ന് കരസ്ഥമാക്കിയതിന് ശേഷം പിന്നീട് പുറക്കാട്ടിരി, കടവത്തൂർ, കൈതക്കര, കോടഞ്ചേരി, എന്നീ സ്ഥലങ്ങളിൽ ശൈഖ് അബൂബക്കർ ഉസ്താദ് അയഞ്ചേരി എന്നവരുടെ കൂടെ ആയിരുന്നു. കോടഞ്ചേരിയിൽ പഠിക്കുന്ന സമയത്ത് തന്നെ പകൽ സമയത്ത് നോമ്പും രാത്രി സമയങ്ങളിലെ ഇലാഹീ സ്മരണകളും ജീവിത ചിട്ടയാക്കിയിരുന്നു. കോടഞ്ചേരി ദർസിൽ നിന്നാണ് പ്രമുഖ സൂഫിവര്യനും ഒട്ടനവധി ത്വരീഖത്തുകളുടെ ശൈഖുമായ ശൈഖുനാ സഈദ് സിറാജുദ്ധീനുൽ ഖാദിരി തങ്ങളെ കണ്ട് മുട്ടുന്നത്.

തനിക്ക് തന്റെ കാര്യത്തിൽ ഒരു നേർമാർഗ്ഗം നിർദ്ദേശിക്കുന്നതും അത് നിയന്ത്രിക്കുന്നതുമായ ഒരു മുർശിദായ ശൈഖിനെ വേണമെന്ന ആവശ്യവുമായി അജ്മീറിലെത്തിയ ഒരു വ്യക്തിക്ക് അജ്മീറിലെ ജിഷ്തി തങ്ങൾ നൽകിയ നിർദേശമായിരുന്നു. ‘‘നീ കോടഞ്ചേരിയിലെ സഈദ് സിറാജുദ്ധീൻ തങ്ങളുടെ ചാരത്ത് ഇടം പിടിക്കുക എന്നത് ’’ഇത് കാരണമാണ് ഉമർ മുസ്ലിയാർ സിറാജുദ്ധീൻ തങ്ങൾ മുറബ്ബിയായ ശൈഖാണെന്ന് മനസ്സിലാക്കുന്നത്. പിന്നീട് സിറാജുദ്ധീൻ തങ്ങളുമായുള്ള ബന്ധം ഒരു വലിയ കാര്യമായിട്ടാണ് ഉമർ മുസ്ല്യാർ എന്നും കണ്ടിരുന്നത്. ആ മഹാനുഭാവനുമായുള്ള അടുപ്പം മഹാനവറുകൾക്ക് ആഴത്തിൽ സ്വാധീനിക്കുകയും ജീവിതമാകെ മാറ്റിമറിക്കുകയും ചെയ്തു. വല്ലാത്ത ഒരു സ്നേഹമായിരുന്നു അവർ തമ്മിൽ, മഹാനവറുകളുടെ ജീവിതത്തിന്റെ ആത്മീയതയുടെ നിറവും സൽകർമ്മ സാഫല്യത്തിന്റെ സുഖസ്ഥവും നൽകിയ ഒരു മഹാ സാന്നിധ്യമായിരുന്നു ശൈഖുനാ സഈദ് സിറാജുദ്ധീൻ തങ്ങൾ.

ജീവിത കാലത്ത് മാത്രമല്ല, ജീവിതത്തിന്റെ സായാസന്ധിയിലും ആ സാമീപ്യത്തിന്റെ കരുത്തും തൃപ്തിയുടെ രുചിയും കരസ്തമാക്കിക്കൊണ്ടിരുന്നു. മഹാനവറുകളുടെ മുന്നോട്ടുള്ള ചുവടുകൾ തന്റെ അവസാനം വരെ ശൈഖുനാ സഈദ് സിറാജുദ്ധീൻ തങ്ങളുടെ തിരുനോട്ടം മഹാനവറുകളുടെ കരുത്തും ഓജസ്സും വർധിപ്പിച്ചു. അതാണ് മഹാനവറുകളുടെ ശക്തിയും. അങ്ങനെ ഇലാഹീ സ്മരണയിൽ വലിയതായി പ്രഷോഭിച്ചു. ഖാദിരിയ്യ ത്വരീഖത്തിൽ തന്റെ ശൈഖിനെ പോലെ ഒരു ഖുത്വുബായി തീരുകയായിരുന്നു ഉമർ ഹാജി (ന:മ). മഹാനവറുകളുടെ കാര്യങ്ങളിൽ ഒരു പൂർണ്ണത കണ്ടിട്ടാണ് സിറാജുദ്ധീൻ തങ്ങൾ മഹാനവർകൾക്ക് ''കമാലുദ്ധീൻ'' എന്ന സ്ഥാനപ്പേര് നൽകിയത്, പിൽക്കാലത്ത് ഈ സ്ഥാന പേരിലാണ് ഉമർഹാജി (ന:മ) യെ ലോകം അറിയപ്പെട്ടത്. അങ്ങനെ മഹാനവറുകൾക്ക് തന്റെ ശൈഖായ ശൈഖുനാ സഈദ് സിറാജുദ്ധീൻ തങ്ങളുടെ ജീവിതത്തിലും അതുപോലെ വഫാത്തിന് ശേഷവും ഖലീഫയാവാൻ തൗഫീഖ് ലഭിച്ചു. വിവാഹത്തിന്റെ കാര്യത്തിൽ കമാലുദ്ധീൻ തങ്ങൾ തിരഞ്ഞെടുത്തിരുന്നത് തന്റെ ശൈഖിന്റെ മാർഗമാണ്. എന്നാൽ കോയക്കുട്ടി മുസ്ല്യാർ പലവട്ടം സിറാജുദ്ധീൻ തങ്ങളെ വിവാഹത്തിന്റെ കാര്യം സംസാരിക്കാൻ നേരിൽ കാണാൻ വരുകയും വിവാഹത്തിലേക്ക് പ്രേരിപ്പിക്കാൻ പറയുകയും ചെയ്തു. അവസാനം പിതാവിന്റെ തൃപ്തിക്ക് വേണ്ടി താഴ്ന്ന് നിൽക്കുകയും മഹാനവറുകൾ മുഹ്യുദ്ധീൻ ഖാദിരി എന്നവരുടെ മകൾ ആമിന എന്നവരെ വിവാഹം ചെയ്തു. അവരിൽ മാഹാനവർകൾക്ക് മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ട്.

ആദ്യം കടവത്തൂർ മുദരിസായി കുറച്ച് കാലം നിൽക്കുകയും പിന്നീട് കയഞ്ചേരി ആറ് വർഷം മുദരി

സായി സേവനമനുഷ്ഠിക്കുകയായിരുന്നു. ഇതിന് ശേഷം മഹാനവറുകളുടെ മരണം വരെയുള്ള ജീവിതം പയന്നാനയിലായിരുന്നു. നാട്ടിലെ എല്ലാമെല്ലാം ആയിട്ടായിരുന്നു മഹാനവറുകളുടെ പയന്നായിലെ ജീവിതം. മഹാനവറുകളുടെ അരികിലേക്ക് അക്കാലത്തെ മുദരിസുമാർ തസവ്വുഫ്, അഖീദ എന്നീ വിഷയങ്ങളിൽ കിതാബോതി പഠിക്കാൻ വരുകയും മഹാനവറുകളുടെ ചാരത്ത് വന്ന് കാലങ്ങളോളം താമസിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. ജീവിതത്തിൽ വില പിടിച്ച ഓരോ നിമിഷങ്ങളും അല്ലാഹുവിന്റെ തൃപ്തിയിലായിരിക്കണമെന്ന് കൊതിച്ച് അതിന് വേണ്ടി മഹാനവറുകൾ വളരെയേറെ ശ്രദ്ധ ചെലുത്തുകയും ചെയ്തു. അത്കൊണ്ട് തന്നെ ജീവിതം നന്മകൾ കൊണ്ട് സമൃദ്ധവും സുകൃതങ്ങൾ കൊണ്ട് സമ്പന്നവുമായിരുന്നു. നമ്മുടെ ജീവിതവും അവരുടെ ബർക്കത്ത് കൊണ്ട് അള്ളാഹു സുകൃതങ്ങൾ കൊണ്ട് പ്രശോഭിതമാക്കട്ടെ...

ഇന്ത്യക്കകത്തും പുറത്തുമായി ധാരാളം മസാറുകൾ സന്ദർശിക്കുകയും ആത്മീയ വെളിച്ചം തേടി കാലങ്ങളോളം പല സൂഫികളിലൂടെയും ചുറ്റി സഞ്ചരിക്കുകയും ചെയ്തു. അവിടങ്ങളിലുള്ള ജീവിച്ചിരിപ്പുള്ള ശൈഖുമാരുമായി ബന്ധം സ്ഥാപിക്കുകയും ഇലാഹീ ലോകത്തേക്ക് ലയിച്ച് ചേർന്ന മഹന്മാരുമായി സഹവാസം പുലർത്തിയിരുന്നു. ശൈഖുനാ സിറാജുദ്ധീൻ തങ്ങളുടെ വഫാതിന് ശേഷം മലേഷ്യയിലേക്ക് ബർസാനിയ്യ ത്വരീഖത്ത് തേടി പോയിട്ടുണ്ട്. ഈ ത്വരീഖത്ത് ചൊവ്വായ മാർഗത്തിലൂടെ ഇന്ത്യയിൽ ലഭിക്കാത്തതും എന്നാൽ ഈ കലഘട്ടത്തിൽ വളരെയേറെ പ്രയോജനവും പ്രാധാന്യവുമുള്ളതാണ്. മഹാനവറുകൾ ഈ ത്വരീഖത്ത് മലേഷ്യയിൽ നിന്നും ചൊവ്വായ മാർഗത്തിലൂടെ സ്വീകരിച്ചു.

മുരീദുമാരുടെ തർബിയ്യത്തിന്റെ വിഷയത്തിൽ ഏതൊരു ശൈഖിനും മഹാനവർകൾ മാതൃകയാണ്. വളാഇഫുകൾ നൽകുന്നതിലും രിയാളകൾ വീട്ടുന്ന വിഷയത്തിലും സരളമായ രീതി സ്വീകരിച്ച് എല്ലാ മുരീദുമാരെ കൊണ്ടും ചെയ്യിപ്പിക്കുമായിരുന്നു. മാഹാനവറുകൾ മറഞ്ഞ അവസരങ്ങളിലും മുരീദുമാരെ തർബിയ്യത്ത് ചെയ്യുന്ന പതിവുണ്ട്. തങ്ങളുടെ ഒരു മുരീദ് ഗൾഫിൽ വാഹനപകടത്തിൽപ്പെട്ടു എന്ന അവസ്ഥയിൽ നിന്നും രക്ഷപ്പടുത്തിയത് അതിനൊരു തെളിവാണ്.

മഹാനവർകളുടെ അടുത്ത കുടുംബക്കാരുടെ ജീവിത മാർഗ്ഗം ശൈഖുന ഉമർ ഹാജി (ന:മ) തങ്ങളുടെ കരങ്ങളിലായിരുന്നു. മഹാനവറുകളുടെ പിതാവ് എല്ലാ കാര്യങ്ങളിലും മഹാനവർകളോട് അഭിപ്രായം അന്വേഷിക്കുമായിരുന്നു. പിതാവിന്റെ പല കാര്യങ്ങളും ശൈഖുനാ ഉമർ ഹാജി സ്ഥലത്തില്ലാത്ത സമയങ്ങളിൽ മഹാനവർകളുടെ അഭിപ്രായത്തിന് വേണ്ടി നിർത്തി വെക്കുകയും ചെയ്യാറുണ്ട്. തന്നെ തേടി വരുന്നവരോട് ഒരു ഉറ്റ സുഹൃത്തിനെപ്പോലെയാണ് പെരുമാറിയിരുന്നത്. എത്ര ജീവിത ഞെരുക്കത്തിലാണെങ്കിലും മറ്റുള്ളവരുടെ ആവിശ്യങ്ങൾക്ക് മുൻഗണന നൽകാൻ മറന്നിരുന്നില്ല. ജീവിതത്തിൽ മൂന്ന് ഹജ്ജ് നിർവഹിച്ചിട്ടുണ്ട്. ഒന്നാമത്തെ ഹജ്ജ് വേളയിൽ ഖിള്ർ അലൈഹി സലാമിനെ കാണാനും പരസ്പരം സംസാരിക്കാനും അവസരം ലഭിച്ചിട്ടുണ്ട്. മഹാനവർകളുടെ പ്രഭാഷണ രീതികൾ മനുഷ്യമനസ്സുകൾക്ക് സ്വാധീനം ചെലുത്തുന്നതായിരുന്നു. പ്രഭാഷണം കഴിയുമ്പോഴേക്കും വേദി ഒരു മരണ വീട് പോലെയാകും. വടക്കാഞ്ചേരിയിൽ ദുൽഹിജ്ജ 15 ന് ഞായറാഴ്ച രാവ് ഹിജ്റ 1405 ൽ ഇലാഹി ലോകത്തേക്ക് മഹാനവർകൾ ലയിച്ചു ചേർന്നു.